place in the world, are caused by the union or separation of the atoms. After 1930, Rutherford and others found that this union takes placce not only by the surfaces of the atoms, but the neuclei also combine together. Such reactions can be brought about by artificially bringing the atoms together. One of the substances used by chemists for such artificial combination was the hydrogen nucleus. Thus in the hand of the chemist, the smallest and simplest hydrogen nucleus became the cannon for shooting out the nuclei of other atoms. An isotope of hydrogen of mass twice that of ordinary hydrogen was also discovered. It is called heavy hydrogen or deuterium. It contains besides the hydrogen nucleus, a neutron equal in mass to the hydrogen nucleus and that is why its weight is twice that of the hydrogen atom. When such heavy hydrogen atom was shot by another atom, both the nuclei joined together and a new element called helium was formed. But when the weight of the two heavy hydrogen atoms that combined together, and the helium atom formed were compared, an interesting phenomenon was observed. As we should expect, the mass of a helium atom should be twice that of a deuterium atom. But actually the mass of the helium atom is found to be a little less than what it ought to be. The observations were as follows:

| | | |
|---|---|---|
| Mass of a deuterium atom | = | 2·0162 |
| ∴ Mass of two deuterium atoms | = | 4·0324 |
| Mass of one helium atom | = | 4·003 |
| Decrease in mass | = | ·0294 |

This means, a quantity of matter of mass ·0294 has disappeared in this transformation. But really it has not been lost nor destroyed. What exactly happens here is that matter is converted into energy. Thus scientists came to the phenomenon by which matter diappears and in its place energy is liberated. The fact that matter can be transformed into energy and vice versa, had been discovered by Prof. Einstein in 1905.

According to Einstein's theory, $E = mc^2$, where E represents the energy developed, m the mass of matter disappeared and *c* the velocity of light *i. e.* $3 \times 10^{10}$ Cms/Sec. Let us now calculate the energy developed when 4 gms. of helium are formed from heavy hydrogen.

$$E = mc^2 = \cdot 0294 \times 3^2 \times 10^{10} \times 10^{10} = \cdot 2646 \times 10^{20} \text{ ergs}$$

$$= \frac{\cdot 2646 \times 10^{20}}{4 \cdot 182 \times 10^7} = 63{,}00{,}00{,}000 \text{ K. calories}$$

(approximately)

One kilocalorie will be sufficient to raise the temperature of more than two lbs. of water through one degree centigrade. So the 63,00,00,000 K. cals. will be suffi-

cient to boil several tons of water. This tremendous heat is the first effect of the hydrogen bomb. Along with this, it also sends out its destructive forces in all directions.

But for bringing about this reaction the hodrogen atoms require much heat initially. Besides, for the reaction to take place quickly, a very high temperature also should be produced. If the reaction is slow, the bomb won't explode. The time taken for the reaction is inversely proportional to the temperature and the heat developed is directly proportional to temperature. In other words, the higher the temperature the shorter the time taken for the reaction and the higher the heat developed.

The problem is how to produce such a high temperature. That must certainly be done by exploding an ordinary atom bomb. Though the actual construction of the bomb is kept a very great secret, we can more or less guess what the form should be. There should be the atom bomb in the centre, surrounding which there should be solid heavy hydrogen mixed with ordinary hydrogen. This will be covered by a heat insulating material and the whole thing will be wrapped in a strong steel cover.

When the atom bomb in the centre explodes, the heat produced converts the hydrogen to helium. When once the reaction is started, it will go on continuously, since it is exothermic. Within a fraction of a second, the hydrogen will be converted to helium and consequently the steel cover cracks. Simultaneously tremendous heat, light, and all kinds of destructive forces are spread in all directions and we can't imagine what the consequences will be.

But this principle of the hydrogen bomb is not a newly discovered one. This had been taking place in the sun and stars even from the beginning of the universe. The earth receives annually as much heat from the sun as is enough to melt all the ice, even if the earth is covered by ice to a depth of 100 feet. Even this is only $\frac{1}{22\times 10^{8}}$th part of the heat evolved by the sun. The sun had been sending out this tremendous heat for more than 20 crores of years. If a sphere of coal is made equal in mass to the sun and set free, it will burn out in 3000 years. So it was a great problem before the scientist, how the sun had been able to give out such tremendous heat and light for crores of years and yet remains unaffected in mass and the quantity of heat sent out. But when the phenomenon of the production of heat by the destruction of matter, was discovered the great problem was solved. Scientists found that the phenomenon taking place in the sun is the conversion of hydrogen to helium, both these existing abundantly in the sun. The element helium had been discovered for the first time in the sun in 1868. It was only in the 20th century that helium was discovered in the earth's atmosphere, though in traces.

So in the manufacture of the hydrogen bomb, man has only initiated the phenomenon taking place in the sun.

Answers:— (To the Brain Ticklers on page 26)

(1) FRIEND-SHIP. (2) One cooks the meat and the other meets the cook. (3) One is hard-up and the other is soft down. (4) One has the *claws* at the end of the *paws*, and the other has the *pause* at the end of the *clause*. (5) VELO—CITY. (6) Because they add woe to men. (7) 'B' is the daughter of 'A'. (8) No smoke ejected by the electric train.

## "THE GUESTS ARE MET, THE FEAST IS SET..."



**Sri T. Prakasam, ex-Premier of Madras, in the College**



—With a promise to come again



Sri K. Ayyappan, ex-Minister



Justice Mr. K. T. Koshy,
guest of honour at the College Union Social





**College Union Social**

*"Providing a chastely gay and gladdening show"* .....



**"Taming the Shrew", staged by the Dramatic Club**

*"Friendship, love and cheer"* ...



**"നനയാത്ത കുന്നുകൾ", staged by the Dramatic Club**

# ഗാന്ധിസവും കമ്മ്യൂണിസവും

— *P. S. Karthikeyan, IV. U. C.*

ലോകത്തിൽ ഇന്നു കാണുന്ന സകല അസംതൃപ്തിക്കും അസമാധാനത്തിനും കാരണം, മനുഷ്യരുടെ അസ്വാതന്ത്ര്യതയും, സാമൂഹ്യഘടനയിലെ തകരാറുകളുമാണ്. ജനതയെ സ്വതന്ത്രരാക്കി, സാമൂഹ്യ സാമ്പത്തികഘടനയിലെ ദൂഷ്യവശങ്ങൾ നിർമ്മാർജ്ജനം ചെയ്യുങ്കിൽ മാത്രമേ, മനുഷ്യരാശിക്കു പുരോഗതിയുണ്ടാകുകയുള്ളു എന്നതു് ഏവരും അറിയുന്ന ഒരു പരമാർത്ഥം മാത്രമാണ്. മനുഷ്യരെ പുരോഗതിയിലേക്കെത്തിക്കുന്നതിനുള്ള രണ്ടു മാർഗ്ഗങ്ങളാണ് ഗാന്ധിസവും കമ്മ്യൂണിസവും.



ഗാന്ധിജിയുടേയും ലെനിൻേറയും ലക്ഷ്യം ഒന്നുതന്നെയായിരുന്നിരിക്കാമെങ്കിലും, രണ്ടു കൂട്ടരും സ്വീകരിച്ച മാർഗ്ഗങ്ങൾ തുലോം വ്യത്യസ്തങ്ങളായിരുന്നു. ആദർശങ്ങൾ തമ്മിൽ ഒരു സംഘട്ടനമാണ് നാം അവിടെ കാണുന്നതു്. രണ്ടു തത്വസംഹിതകളേയും അതതർഹിക്കുന്ന പ്രാധാന്യത്തിൽ മനസ്സിലാക്കുന്നതിന്, ഒരു താരതമ്യപഠനം അത്യന്തം പ്രയോജനകരമായിരിക്കും.

ലെനിനും ഗാന്ധിജിയും ഏതേതു പരിതസ്ഥിതികളിൽ ജനിച്ചുവെന്നും, അവരിരുവരുടേയും ആദർശങ്ങൾ എന്തെല്ലാമായിരുന്നുവെന്നും, ആ ആദർശങ്ങൾ സാധിക്കുന്നതിന് അവർ സ്വീകരിച്ച മാർഗ്ഗങ്ങൾ എന്തെല്ലാമെന്നും, നമുക്കൊന്നു പരിചിന്തനം ചെയ്യാം.

സാർ ചക്രവർത്തിമാരുടെ, കിരാതവാഴ്ചയിൻകീഴിൽ പൊറുതിമുട്ടിയിരുന്ന, നാടിനേയും നാട്ടുകാരേയും രക്ഷിച്ച്, സ്വരാജ്യത്തെ സകലവിധ ക്ഷേമൈശ്വര്യങ്ങളും തികഞ്ഞ ഒരു നാടാക്കിത്തീർക്കുന്നതിനായിരുന്നു ലെനിൻ പരിശ്രമിച്ചതു്. 'ഭൂലോകസ്വർഗ്ഗം' എന്നു് ഇന്നു പെരുമ്പറകൊട്ടി ഘോഷിക്കപ്പെടുന്ന റഷ്യ, അന്നു വെറും ഹിരണ്യവാഴ്ചയുടെ കേളീരംഗമായിരുന്നു. അദ്ധ്വാനിക്കുന്നവൻെറ ഉല്പാദനഫലമാണ് ഒരു രാജ്യത്തിലെ സമ്പത്തു്. ആ സമ്പത്തിനു ന്യായമായ അവകാശികൾ അവിടത്തെ തൊഴിലാളികളാണ്. സമുദായത്തെ കാർന്നു തിന്നുകൊണ്ടിരിക്കുന്ന അന്ധവിശ്വാസങ്ങളേയും ക്ഷുദ്രവാസനകളേയും നിർമ്മാർജ്ജനം ചെയ്യാതെ, സമുദായപുരോഗതി ഉണ്ടാകുകയില്ല. ജന്മിത്തവും രാജാധികാരവും മുതലാളിത്തവും ഒരു കൈയ്യായി, ഒരു ചേരിയിൽനിന്നുകൊണ്ടു്, തൊഴിലാളിവർഗ്ഗത്തെ നശിപ്പിക്കുന്നതിനാണു ശ്രമിക്കുന്നതെന്നും, അതുകൊണ്ടു മുതലാളിമാരേയും ജന്മിമാരേയും നിശ്ശേഷം നശിപ്പിക്കണമെന്നും, അങ്ങനെ ഒരു തൊഴിലാളിസർവ്വാധിപത്യം സ്ഥാപിക്കുകയാണു വേണ്ടതെന്നും ലെനിൻ വിശ്വസിച്ചു. ആ ഉദ്ദേശ്യസിദ്ധിക്കായി അദ്ദേഹം സർവ്വാത്മനാ പ്രയത്നിക്കുകയും ചെയ്തു. വിശ്വവിശ്രുതനായ ജർമ്മൻ പണ്ഡിതൻ, കാറൽ മാർക്സിൻെറ സന്ദേശമായിരുന്നു ലെനിനും തൻെറ ജീവിതത്തിൽ പ്രചോദനം നൽകിയിരുന്നതു്. സ്വകാര്യസ്വത്തുടമ കേവലം പൊള്ളയായ ഒരു വാദമെന്നായിരുന്നു മാർക്സിൻെറ സിദ്ധാന്തം. ഒരു രാജ്യത്തിലെ ഭൂരിപക്ഷം ജനതയും ചോര നീരാക്കി വേലയെടുത്തു ഉല്പാദിപ്പിക്കുന്ന സമ്പത്തു ഏതാനും വ്യക്തികളുടെ കീശയിലാക്കുന്നതിനുള്ള ഒരു കപടമതമാണതെന്നായിരുന്നു ലെനിൻെറ വിശ്വാസം. സ്വകാര്യസ്വത്തുടമ നിശ്ശേഷം നശിപ്പിക്കുക, വ്യവസായസ്ഥാപന

ങ്ങൾ ദേശസാത്താക്കുക, നീതിപൂർവ്വകമായ വിതരണം സ്റ്റേറ്റുമുഖേന നടത്തുക—എന്നിത്യാദിയാണു കമ്മ്യൂണിസത്തിന് അടിസ്ഥാനമായ ഏതാനും സുപ്രധാനതത്വങ്ങൾ. മുതലാളി സ്വേച്ഛാധിപത്യത്തിൽനിന്നു തൊഴിലാളി സ്വേച്ഛാധിപത്യത്തിലേക്കുള്ള ഒരു പരിവർത്തനമാണ് കമ്മ്യൂണിസമെന്നു സാമാന്യമായി പറയാം.

ഗാന്ധിജിയുടെ ആദർശങ്ങളും അവ നേടുന്നതിനു അദ്ദേഹം സ്വീകരിച്ച മാർഗ്ഗങ്ങളും ലെനിന്റേതിൽനിന്ന് എത്രയോ വിഭിന്നങ്ങളായിരുന്നു! മുതലാളിത്തവും ജന്മിത്തവും നശിപ്പിക്കുന്നതിന് എന്ത് അക്രമവും അനീതിയും പ്രവർത്തിക്കുന്നതിനും കൊലയും കൊള്ളിവയ്പും നടത്തുന്നതിനും ലെനിന് വിരോധമില്ലായിരുന്നു. മഹാത്മജിയാകട്ടെ ദുർഭരണവും സ്വേച്ഛാധിപത്യവും നശിപ്പിക്കുന്നതിനുകൂടിയും അഹിംസാമാർഗ്ഗം അവലംബിക്കണമെന്ന പക്ഷക്കാരനായിരുന്നു. വിദേശീയാധിപത്യത്തെ ഇന്ത്യയിൽനിന്ന് കെട്ടുകെട്ടിച്ച്, സമുദായത്തിൽ സമൂലമായ ഒരു പരിവർത്തനം നടപ്പിൽ വരുത്തുന്നതിനായിരുന്നു മഹാത്മജി തന്റെ ജീവിതം ഉഴിഞ്ഞു വച്ചിരുന്നത്. ഇതിൽ ആദ്യത്തേതിൽ അദ്ദേഹം പരിപൂർണ്ണവിജയം വരിക്കയും ചെയ്തു. എന്തിനും അഹിംസാമാർഗ്ഗം തന്നെയാണ് അവലംബിച്ചിരുന്നത് എന്ന വസ്തുത അനിഷേധ്യമാണ്. സത്യവും, ക്ഷേമവും, ഐശ്വര്യവും, സമാധാനവും ഉൾക്കൊള്ളുന്ന ഒരു തത്വസിദ്ധാന്തമാണ് 'അഹിംസ'. ഗാന്ധിജിക്ക് തന്റെ ജീവിതത്തിൽ, വേണ്ട ഉണർവ്വ് നല്കിയത് യേശുദേവന്റേയും, ശ്രീകൃഷ്ണന്റേയും ബുദ്ധഭഗവാന്റേയും അഹിംസാസിദ്ധാന്തമായിരുന്നു.

ഗാന്ധിജിയുടെ ആദർശങ്ങൾ എന്തെല്ലാമായിരുന്നു? സ്വകാര്യസ്വത്തുടമയിൽ ഗാന്ധിജി പരിപൂർണ്ണമായും വിശ്വസിച്ചിരുന്നു. ഇന്ത്യൻ സാമൂഹ്യസാമ്പത്തികവ്യവസ്ഥിതിയിലെ ദൂഷ്യങ്ങൾ, നിർമ്മാർജ്ജനം ചെയ്യുക അസാദ്ധ്യമാകത്തക്കവണ്ണം, അത്ര വഷളൊന്നുമല്ല എന്നും, അഹിംസാമാർഗ്ഗം തന്നെ ശരണീകരിച്ചുകൊണ്ട്, അതു സാധിക്കാമെന്നും അദ്ദേഹം വിശ്വസിച്ചിരുന്നു. മുതലാളിമാരിലും ജന്മിമാരിലും കടന്നുകൂടിയിട്ടുള്ള ദുർവാസനകളെ ദൂരീകരിക്കുകമാത്രമാണ് ഇന്നാവശ്യമെന്നും, അങ്ങനെ ജന്മിയും കർഷകനും തമ്മിലും, മുതലാളിയും തൊഴിലാളിയും തമ്മിലും, രമ്യത വളർത്തി സഹോദരന്മാരെപ്പോലെ ജീവിക്കുന്നതിന് അവരെ പരിശീലിപ്പിക്കണമെന്നും ഗാന്ധിജി കരുതി. മുതലാളി തൊഴിലാളിയുടേയും, ജന്മി കർഷകന്റേയും, വിശ്വസ്തോപകാരികൾ മാത്രമാണ്. തൊഴിലാളി–കർഷകവിഭാഗങ്ങൾക്ക് അവരർഹിക്കുന്ന ആനുകൂല്യങ്ങളും അവകാശങ്ങളും അനുവദിച്ചു കൊടുക്കേണ്ടത്, ജന്മിമുതലാളിമാരുടെ സുസ്ഥിരമായ നിലനില്പിനു അത്യന്താപേക്ഷിതമാണ്; അതു അവരുടെ ഒരു കടമയാണ്. സകല വ്യവസായസ്ഥാപനങ്ങളേയും ദേശസാത്താക്കുന്നതിൽ ഗാന്ധിജി എതിരായിരുന്നു. ഇതാണ് ഗാന്ധീസവും 'ജനാധിപത്യസോഷ്യലിസവും' അഭേദ്യമായി ബന്ധിക്കപ്പെട്ടിരിക്കുന്നു എന്നു പറയുന്നതിന്റെ സാരം.

ലെനിനും ഗാന്ധിയും തമ്മിൽ മറ്റൊരു മൗലികമായ അഭിപ്രായവ്യത്യാസം മതത്തെ സംബന്ധിച്ചാണ്. ആദ്ധ്യാത്മികതത്വത്തിൽ അടിയുറച്ച ഒരു മതവിശ്വാസിയല്ലായിരുന്നു ലെനിൻ. തന്റെ ആചാര്യനായ മാർക്സിന്റെ ആദർശങ്ങളെത്തന്നെ ഒരു മതമായി സ്വീകരിച്ചുകൊണ്ട്, ആ മതം പ്രചരിപ്പിക്കുവാൻ സന്നദ്ധരായ ജനങ്ങളെ ചേർത്ത് ലെനിൻ 'കമ്മ്യൂണിസ്റ്റ്' എന്നൊരു പുതിയ സംഘടന രൂപീകരിച്ചു. ഈശ്വരസങ്കല്പം മിഥ്യയാണെന്നും, മതം മനുഷ്യരെ കബളിപ്പിക്കുന്നതിനുള്ള ഒരു മയക്കവിദ്യയാണെന്നും ആയിരുന്നു അദ്ദേഹം തന്റെ അനുയായികളോട് ഉപദേശിച്ചത്. ഇതിന്റെ ഫലമായിട്ടാണ് എന്ത് അക്രമവും അനീതിയും പ്രവർത്തിച്ചും അധികാരം പിടിച്ചുപറ്റുന്നതിൽ, പാപമായിട്ടൊന്നുമില്ലെന്ന് ലെനിൻ ശഠിച്ചത്. സാർചക്രവർത്തിമാരുടെ ദുർഭരണത്തിൻ കീഴിൽ, ചക്രശ്വാസം വലിച്ചിരു

ന്ന ജനത, ലെനിന്റെ ആശയങ്ങളേയും ആദർശങ്ങളേയും അതേപടി സ്വീകരിച്ചതിൽ അത്ഭുതപ്പെടാനുമില്ല—ഗാന്ധിജി ആത്മാർത്ഥമായ ഒരു ഈശ്വരവിശ്വാസിയായിരുന്നു. "അഹിംസാ പരമോധർമ്മഃ" എന്ന് ആപ്തവാക്യമായിരുന്നു അദ്ദേഹത്തിനു മാർഗ്ഗസൂചനം നൽകിയിരുന്നതു്. മതം മനുഷ്യരുടെ ജന്മാവകാശമാണ്. കേവലം ഭൗതികതയിൽ അടിയുറച്ചതല്ല പ്രപഞ്ചം. ഈ പ്രപഞ്ചത്തിൽ കാണുന്ന സകല ചരാചരങ്ങൾക്കും കാരണഭൂതനായി ഏതൊ ഒരു അദൃശ്യശക്തി നിലകൊള്ളുന്നു. ആ അദൃശ്യശക്തിയെയാണ് നാം 'ഈശ്വരൻ' എന്നു സങ്കല്പിക്കുന്നതു്. ആദ്ധ്യാത്മികമല്ലാത്ത യാതൊരു പ്രവൃത്തിയും സമുദായപുരോഗതിക്കു കാരണമാകുന്നില്ല. കർമ്മമാണ് മനുഷ്യനു മോക്ഷത്തിലേക്കുള്ള മാർഗ്ഗം. ഗാന്ധിജി "ഹരിജനി"ൽ ഇപ്രകാരം എഴുതി.

"ഞാൻ ആരാണ്? ഈശ്വരൻ തരുന്നതല്ലാതെ മറെറാരു ശക്തിയും എനിക്കില്ല; ധാർമ്മികമായ അധികാരം മാത്രമാണ് എനിക്കുള്ളതു്. ഈ ലോകത്തിൽ അഹിംസ പ്രചരിപ്പിക്കുവാൻ പററിയ ഉപകരണമായി അദ്ദേഹം എന്നെ കരുതുന്നുണ്ടെങ്കിൽ, വേണ്ടവഴി അദ്ദേഹം എനിക്കു കാണിച്ചു തരും. വേണ്ടശക്തിയും തരും." "യങ്ങ് ഇന്ത്യ"യിൽ എഴുതിയ ഒരു ലേഖനത്തിൽ ഗാന്ധിജി ഇപ്രകാരം പറയുന്നു. "എന്റെ വിശ്വാസം ഈശ്വരനിൽ മാത്രമാണ്. ഈശ്വരനിൽ വിശ്വസിക്കുന്നതുകൊണ്ടുമാത്രമാണു ഞാൻ മനുഷ്യനിൽ വിശ്വസിക്കുന്നതു്. എനിക്കാശ്രയിപ്പാൻ ഈശ്വരനില്ലായിരുന്നുവെങ്കിൽ, ടൈമനെപ്പോലെ ഞാൻ നരകുലശത്രുവാകുമായിരുന്നു." മഹാത്മജി സ്വജീവിതംകൊണ്ടു പഠിപ്പിച്ചു ഒരു പരമാർത്ഥം ജന്മംകൊണ്ടോ, കുലംകൊണ്ടോ, മാനംകൊണ്ടോ, ഐശ്വര്യംകൊണ്ടോ ഒരു മനുഷ്യനു മഹാത്മാവാകുവാൻ കഴിയുകയില്ല; മഹത്വം ആത്മാർത്ഥത തികഞ്ഞ ഈശ്വരഭക്തി ഒന്നുമാത്രമാണ്—എന്നായിരുന്നു.

ഇത്രയും പ്രസ്താവിച്ചതിൽനിന്നു് ഗാന്ധിസവും കമ്മ്യൂണിസവും ഏതേതു കാര്യങ്ങളിൽ എങ്ങനെയെല്ലാം വിഭിന്നങ്ങളായിരിക്കുന്നു എന്നൊരു സാമാന്യരൂപം വായനക്കാർ ഗ്രഹിച്ചിരിക്കുമല്ലോ. ഗാന്ധിസമോ, കമ്മ്യൂണിസമോ—ഏതാണ് ആദർശയോഗ്യവും പ്രയോഗക്ഷമവുമായിട്ടുള്ളതു്? ഓരോരുത്തരും സ്വയം ചിന്തിച്ചു സമാധാനം കണ്ടുപിടിക്കേണ്ട ഒരു പ്രശ്നമാണിതു്.

അക്രമസന്ദേശത്താൽ പ്രചോദിതരായ റഷ്യയിലെ ജനാവലി, സാർഭരണത്തെ തകിടം മറിച്ചുവെങ്കിലും, അതിന്റെ പരിണതഫലം എത്ര ഭയാനകമായിരുന്നുവെന്ന് ചരിത്രപാഠകൾക്കു് അറിയാവുന്ന ഒരു വസ്തുതയാണ്. രാജ്യവ്യാപകമായ ആഭ്യന്തരസമരത്തിനിടയിൽ, അനേകം പ്രഭുക്കന്മാരും ജന്മിമാരും നിർദ്ദയം വധിക്കപ്പെട്ടതിനുപുറമെ, ക്ഷാമപീഡിതരായി നിരവധി ജനങ്ങൾ മൃതിയടഞ്ഞു. എന്നാൽ റഷ്യയിൽ കമ്മ്യൂണിസം എത്രമാത്രം പ്രയോഗത്തിൽ വന്നിട്ടുണ്ടു്? സ്വകാര്യസ്വത്തുടമയെ നിശ്ശേഷം നശിപ്പിക്കുന്നതിന് അവിടത്തെ ഗവർമ്മേണ്ടിനു് ഇന്നേവരെ സാധിച്ചിട്ടില്ല എന്നതു് ഒരു പരമാർത്ഥം മാത്രമാണ്. വസ്തുവകകൾ കൂട്ടുഭരണസമ്പ്രദായത്തിൽ കൃഷിക്കാർക്കു വീതിച്ചുകൊടുക്കുകയും, വ്യവസായസ്ഥാപനങ്ങളെ ഗവർമ്മേണ്ടിന്റെ വിശ്വസ്തസേവകരിൽ അർപ്പിക്കയുമാണുണ്ടായതു്. സ്റ്റാലിന്റെ അധികാരാപഹരണത്തോടുകൂടി, ജനാധിപത്യത്തിന്റെ സകല മര്യാദകളും ചവിട്ടി മെതിക്കപ്പെട്ടിരിക്കയാണ്. വ്യക്തിസ്വാതന്ത്ര്യം, ചിന്താസ്വാതന്ത്ര്യം, സഞ്ചാരസ്വാതന്ത്ര്യം, മതസ്വാതന്ത്ര്യം മുതലായ അനവധി മൗലികാവകാശങ്ങൾ നിഷേധിക്കപ്പെട്ടിരിക്കുന്നു. ഗവർമ്മേണ്ടിനെതിരായി, ആരു ശബ്ദമുയർത്തിയാലും അവരെ അടുത്ത പ്രഭാതത്തിൽതന്നെ പരലോകത്തേക്കയക്കുന്നതിനു സ്റ്റാലിന്റെ ഗവർമ്മേണ്ടിനു യാതൊരു കൂസലുമില്ല. ചുരുക്കത്തിൽ, വിപ്ലവത്തിനുമുമ്പു റഷ്യ ഏതാനും മുതലാളിമാരുടേയും ജന്മിമാരുടേയും അധികാരത്തിൻകീഴിൽ വർത്തിച്ചിരുന്നുവെങ്കിൽ, വിപ്ലവത്തിനുശേഷം, ശേഷിയും ശേമുഷിയുമുള്ള വേറെ ഏതാനും സ്വാർത്ഥതല്പരരുടെ കയ്യില

ന്റെ എന്നതിൽ കവിഞ്ഞു യാതൊരു പരിവർത്തനവും റഷ്യയിൽ ഇതേവരെയുണ്ടായിട്ടില്ല. സാമ്രാജ്യമോഹികൾ എന്നാക്ഷേപിക്കപ്പെടുന്ന ബ്രിട്ടൻ, അമേരിക്ക മുതലായ രാജ്യങ്ങളിൽ ഇന്നും ജനാധിപത്യം പുലരുന്നു എന്ന വാസ്തവം ആർക്കു നിഷേധിക്കാൻ കഴിയും? റഷ്യയുടെ ഇരുമ്പുമറയ്ക്കുള്ളിൽ എന്തെല്ലാം നടക്കുന്നു എന്ന് ആരു കണ്ടു? സ്ഥിതിസമത്വം എന്നൊന്നു റഷ്യയിൽ ഇല്ല. റഷ്യയിൽ കമ്മ്യൂണിസം തികച്ചും ഒരു വിജയമായിട്ടില്ല. "സാധുജനസംരക്ഷണം" എന്ന കപടമുദ്രാവാക്യവും മുഴക്കി അവിടെ എന്തെല്ലാം കൊള്ളരുതായ്മകളാണ് കാട്ടിക്കൂട്ടുന്നത്? തത്വത്തിൽ, മുതലാളിസ്വേച്ഛാധിപത്യവും തൊഴിലാളിസ്വേച്ഛാധിപത്യവും ഒന്നുതന്നെയാണ്.

ഇന്നു ലോകത്തിൽ നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങളെ, നിഷ്പക്ഷമായി അഭിവീക്ഷിക്കുകയാണെങ്കിൽ ഗാന്ധീസത്തിനു സുശോഭനമായ ഒരു ഭാവിയുണ്ടെന്നു കാണുവാൻ വിഷമമില്ല. യുദ്ധത്തിന്റെ കരിനിഴലുകൾ കാർമേഘപടലങ്ങൾപോലെ ഇരുണ്ടുകൂടിയിരിക്കുന്നു. ലോകം ശാന്തിക്കും സമാധാനത്തിനും വേണ്ടി വെമ്പൽ കൊള്ളുന്നു. അഹിംസാസിദ്ധാന്തത്തിൽ അടിയുറച്ച ഗാന്ധീസമൊന്നു മാത്രമാണ്" സമാധാനത്തിനുള്ള മാർഗ്ഗം--എന്നു ലോകചിന്തകന്മാർപോലും സമ്മതിച്ചിരിക്കുന്നു. ഗാന്ധീസവും കമ്മ്യൂണിസവും തമ്മിൽ ഏറ്റവും മൗലികമായുള്ള വ്യത്യാസവും ഇതുതന്നെയാണ്. "അക്രമം ഉപേക്ഷിക്കാമെങ്കിൽ ഞാൻ കമ്മ്യൂണിസത്തെ സ്വാഗതം ചെയ്യാം" എന്നു ഗാന്ധിജി ഒരിക്കൽ പി. സി. ജോഷിക്കെഴുതിയതിൽനിന്ന്, അദ്ദേഹത്തിനു കമ്മ്യൂണിസത്തോടുള്ള മനോഭാവം എന്തായിരുന്നുവെന്നൂഹിക്കാമല്ലോ. അധർമ്മവും അനീതിയും, ഹിംസയും തെമ്മാടിത്തവും, കൊലയും കൊള്ളിവയ്പും ഒരു രാജ്യത്തും എക്കാലത്തും വിജയിക്കുകയില്ല. മനുഷ്യരെ നാശത്തിലേക്കു മാടിവിളിക്കുന്ന യാതൊരു "പരിഷ്കാരപദ്ധതികളോടും ഗാന്ധീസം കൂട്ടുനില്ക്കുകയില്ല.

എന്നാൽ ഗാന്ധിജിയുടെ ആദർശങ്ങൾ ഇന്നു എത്ര പേരിൽ വേരൂന്നിക്കഴിഞ്ഞിട്ടുണ്ട്? അദ്ദേഹത്തിന്റെ ആദർശങ്ങൾ അടിസ്ഥാനമായി സ്വീകരിച്ചുകൊണ്ടു രൂപീകൃതമായ കോൺഗ്രസ്സ് ആധിപത്യം പിടിച്ചുപറ്റിയതോടുകൂടി ഏതാനും അധികാരക്കൊതിയന്മാരുടേയും അധർമ്മികളുടേയും കരിഞ്ചന്തക്കാരുടേയും പൂഴ്ത്തിവയ്പുകാരുടേയും സംഘടനയായിത്തീർന്നുകൊണ്ടിരിക്കുന്ന പരമദയനീയസ്ഥിതി മറച്ചുവയ്ക്കത്തക്കതാണോ? ഗാന്ധിജിയുടെ ആദർശങ്ങൾ പുകഴ്ത്തിപ്പാടുന്നതിൽ ആരും വിമുഖത പ്രദർശിപ്പിക്കുന്നില്ലെങ്കിലും, ആചാര്യകൃപലാനി പറഞ്ഞതുപോലെ, അദ്ദേഹത്തിന്റെ ആദർശങ്ങൾ പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നതിന് ആരും ശ്രമിക്കുന്നില്ല. അദ്ദേഹത്തിന്റെ ആദർശങ്ങൾ പരിപാലിക്കപ്പെടണമെങ്കിൽ, ആത്മനിയന്ത്രണവും ആത്മധൈര്യവും ആവശ്യമാണ്.

അസമത്വം, അസ്വാതന്ത്ര്യം, അനീതി, ചൂഷണവാസന, ദുരഭിമാനം ഇവയുടെ ഫലമാണ് യുദ്ധദുരിതം. ലോകം, ശാന്തിക്കും സമാധാനത്തിനുംവേണ്ടി വെമ്പൽകൊള്ളുന്ന ഈ ഘട്ടത്തിൽ, ഗാന്ധീസത്തിന്റെ വിജയസാദ്ധ്യത അനവധിയാണ്. ഏതോ ഒരു ചിന്തകൻ പറഞ്ഞതുപോലെ "സ്വാർത്ഥത്തെ നിശ്ശേഷം കൈവെടിഞ്ഞ്", സ്വന്തധനം, സ്വന്തസുഖം എന്ന ദുരഭിമാനങ്ങൾക്കു യാതൊരിടവും നൽകാതെ, ആരോടും വിദ്വേഷം മനസ്സിൽ വിചാരിക്കാതെ, പരമാർത്ഥത്തിനായി തന്നെയും തന്റേതിനെയും ജീവിതത്തേയും ഉഴിഞ്ഞു മാറ്റിവയ്ക്കുന്ന സുശിക്ഷിതരായ ഒരു വ്യക്തികളാണു ഗാന്ധിയൻ സാമൂഹ്യഘടനയിലെ അടിസ്ഥാനഘടകങ്ങൾ? നിസ്വാർത്ഥമായ സേവനംകൊണ്ടുമാത്രമേ, ഗാന്ധീസം നടപ്പിൽ വരുത്തുവാൻ സാധിക്കുകയുള്ളൂ. ആറ്റംബോംബും ഹൈഡ്റജൻബോംബും മററു സംഹാരബോംബുകളും ഒരു കാലത്തു തിരസ്കരിക്കപ്പെടുകതന്നെ ചെയ്യും. പരിവർത്തനോന്മുഖമായ ഒരു ദശാസന്ധിയിലാണു നാം ജീവിക്കുന്നത്. നിയതിയുടെ ഗതി എങ്ങനെയെന്ന് ആരും അറിയ

# കൂപ്പുകൈ!

*— Francis J. Alapatt III B. Sc.*

വന്ദ്യഗുരോ! അങ്ങയുടെ നിസ്വാർത്ഥസേവനത്തിൻെറ മുമ്പിൽ ഞങ്ങളുടെ വിനീതമായ കൂപ്പുകൈ!

മരണം—ആററംയുഗത്തിൽപ്പോലും മനുഷ്യനു ജയിക്കുവാൻ വയ്യാത്ത ശക്തി! എത്രയെത്ര മഹാന്മാരാണ് അതിൻെറ ആഘാതമേററ കാലയവനികയ്ക്കുള്ളിൽ മറഞ്ഞുകൊണ്ടിരിക്കുന്നതു്!



ഭാരതത്തെ പൊതുവെയും വിദ്യാർത്ഥിലോകത്തെ പ്രത്യേകിച്ചും കണ്ണീരിൽകുളിപ്പിച്ച ആ സംഭവം കഴിഞ്ഞിട്ട് ഒരുകൊല്ലം തികയാറായി. ഇന്നും വ്യസനം തിങ്ങിയ ഹൃദയത്തോടുകൂടിയല്ലാതെ അതിനെക്കുറിച്ച് ഓർമ്മിക്കുവാൻ സാധിക്കുന്നില്ല.

വന്ദ്യപിതാവേ! അങ്ങയുടെ വിയോഗം വൈദികലോകത്തെ മാത്രമോ, വിദ്യാഭ്യാസലോകത്തെ മാത്രമോ ബാധിക്കുന്ന ഒന്നല്ല. ആധുനികലോകത്തിന്നു് അങ്ങ് ഒരു മാതൃകയാണ്. അങ്ങ് എല്ലാവരുടെയും മിത്രമാണ്, ആത്മമിത്രമാണ്. നിസ്വാർത്ഥമായ സേവനത്തിൻെറയും നിഷ്കളങ്കമായ ത്യാഗത്തിൻെറയും മഹനീയ ബലിപീഠത്തിൽ ജീവിതം ഹോമിച്ച ഒരു മനുഷ്യസ്നേഹിയാണവിടുന്ന്. വളർന്നുവരുന്ന തലമുറകളിൽ സ്നേഹത്തിൻെറയും സാഹോദര്യത്തിൻെറയും പാവനബീജം മുളയെടുത്തു വികസിക്കുന്നതിന്നു് അവിടുന്നു നയിച്ച മാതൃകാപരമായ ജീവിതം എന്നെന്നും പ്രേരണനല്കും.

മഹാത്മാവേ! അവിടത്തെ ഗുണഗണങ്ങളെ പ്രകീർത്തിക്കുവാൻ ഞങ്ങൾ അപ്രാപ്തരാണ്. ഒരൊന്നാംകിട വിദ്യാഭ്യാസപ്രവർത്തകൻ, അദ്വിതീയനായ ധനശാസ്ത്രപണ്ഡിതൻ, ഒരുത്തമ ഈശോസഭാവൈദികൻ, എല്ലാററിലും ഉപരി, ഒരു നിസ്വാർത്ഥസേവകൻ—ഇതിനെല്ലാം പര്യായമാണ് അവിടുത്തെ നാമധേയം—ഫാദർ കാർട്ടി.

അവിടുന്നു കേരളീയർക്കു ചെയ്തിട്ടുള്ള സ്തുത്യർഹമായ സേവനങ്ങൾ ഞങ്ങൾ എന്നെന്നും അഭിമാനത്തോടുകൂടി സ്മരിക്കും. തിരുവിതാംകൂറിൽ സർ സി. പി. യുടെ ഭരണകാലത്തു നടന്ന വിദ്യാഭ്യാസപ്രക്ഷോഭണത്തിൽ ഞങ്ങളെ പലപ്രകാരേണയും സഹായിക്കുവാൻ അവിടുന്നു് ഉത്സുകനായിരുന്നു. ചങ്ങനാശ്ശേരി സെൻറ് ബർക്കുമൻസ് കോളജ്, തേവര സേക്രഡ്ഹാർട്ട് കോളജ്, തൃശ്ശൂർ സെൻറ് തോമസ് കോളജ്, സെൻറ് മേരീസ് കോളജ് ഇവയുടെ സംസ്ഥാപനത്തിനും വിജയകരമായ നടത്തിപ്പിന്നും അങ്ങിൽനിന്നും ലഭിച്ച സഹായവും പിൻതുണയും അവർണ്ണനീയമാണ്.

വന്ദ്യഗുരോ! അങ്ങയുടെ ചരമം ഞങ്ങൾക്കു തീർത്താൽതീരാത്ത നഷ്ടമാണ്. അവിടുത്തെ നിസ്വാർത്ഥസേവനത്തിൻെറമാധുര്യം ഇനി ഞങ്ങൾക്കാസ്വദിക്കുവാൻ സാധിക്കുകയില്ല; എങ്കിലും അവിടുത്തെ പാവനചൈതന്യം എന്നും ഞങ്ങളെ നയിക്കുമെന്നു പ്രതീക്ഷിക്കുന്നു.

മഹാധന്യ! അങ്ങേയ്ക്കു ഞങ്ങളുടെ വിനീതമായ കൂപ്പുകൈ!!

---

ന്നില്ല. പരിഷ്കാരത്തിൻെറ നെല്ലിപ്പടിയിലേക്കു മനുഷ്യരാശി ത്വരിതഗമനം ചെയ്തുകൊണ്ടിരിക്കയാണ്. നിയതിയുടെ ഈ അദൃശ്യമായ പുരോഗതിയിൽ, ഗാന്ധിസം പൊൻപ്രഭ വീശുന്ന ഒരു ജ്വാജ്വല്യതാരമായി പ്രശോഭിക്കതന്നെ ചെയ്യും; തീർച്ച.

# അദ്ധ്യാപകനും ഗൃഹസ്ഥനും

*— P. Ramanujam I U.C.*

ഹൈസ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ ഉടനേ തന്നെ വിധിവൈഭവത്താൽ ഒരു "ഗൃഹസ്ഥ"ന്റെ ജോലി സ്വീകരിച്ചു് ഉദ്ദേശം ഒരു പന്തീരാണ്ടു കാലം വിവിധകച്ചേരികളുടെ കോണുകളിൽ ഇരുന്നു സേവനം ചെയ്യുവാൻ ഇടവന്ന നിർഭാഗ്യവാനായ എന്റെ സ്വന്തം അനുഭവങ്ങളും അഭിപ്രായങ്ങളുമാണു് ഈ ചെറുലേഖനത്തിൽ പ്രതിപാദിച്ചിരിക്കുന്നതു്. എന്റെ അനുഭവങ്ങൾ സഹജീവികൾക്കും അനുഭവപ്പെട്ടിട്ടില്ലാത്തപക്ഷം ആസ്വാദ്യമല്ലാതിരിക്കാം; എങ്കിലും എന്റെ അഭിപ്രായങ്ങൾ ആത്മാർത്ഥങ്ങളാണെന്നു പറഞ്ഞുകൊള്ളട്ടെ.



"വൃഥാവാചാലന്മാർ', 'തൊട്ടാവാടി മാസ്റ്റർമാർ', 'അർദ്ധപട്ടിണിക്കാർ' എന്നിങ്ങനെയും മറ്റും അദ്ധ്യാപകലോകത്തെ ആകമാനം ആക്ഷേപിക്കുക എന്നതു്, അദ്ധ്യാപകന്മാരല്ലാത്തവർക്കു പൊതുവേയും, ആപ്പീസുഗൃഹസ്ഥന്മാർക്കു പ്രത്യേകിച്ചും പണ്ടുതന്നെയുള്ള പതിവാണെന്നു പറയാതെ തരമില്ല. ഏതെങ്കിലും ഒരു വ്യക്തിയെപ്പറ്റി ആർക്കെങ്കിലും ഒരു ദുരഭിപ്രായമുണ്ടെന്നുവരികിൽ, അതിനെ അടിസ്ഥാനപ്പെടുത്തി ഒരു സമുദായത്തേയോ, ഒരു തൊഴിലിനേയോ പാടേ അധിക്ഷേപിക്കുക എന്നതു് ഒരിക്കലും ആശാസ്യമായിട്ടുള്ളതല്ലല്ലോ. വിദ്യാർത്ഥികളായിരുന്ന കാലങ്ങളിൽ, ഏതൊരു ഉദ്യോഗസ്ഥനേയും "Quill-drivers" എന്നും മറ്റും പറഞ്ഞു് ആക്ഷേപിച്ചുനടന്നിരുന്ന ഈ കൂട്ടർ, വിദ്യാലയംവിട്ടു് ഒരു ആപ്പീസിന്റെ മൂലയിൽ സ്ഥലംപിടിച്ചുകഴിഞ്ഞാൽ പിന്നത്തെ സ്ഥിതി 'സുദർശനം' പിടിക്കുന്ന ലൈസൻസില്ലാത്ത ഡ്രൈവർമാരുടേതുപോലെയാണെന്നു് എനിക്കു തോന്നുന്നു. എത്രവലിയ ഉദ്യോഗസ്ഥനേയുംകാൾ കൂടുതൽ ബഹുമാനാർഹൻ ഒരു അദ്ധ്യാപകൻതന്നെയാണെന്നു ആത്മാർത്ഥമായി കരുതിപ്പോന്ന അന്നത്തെ വിദ്യാർത്ഥികൾ ഇന്നിപ്പോൾ അദ്ധ്യാപകലോകത്തെ കേവലം മിന്നാമിനുങ്ങുകളെപ്പോലെ കരുതിപ്പോരുന്നതിൽ അത്ഭുതപ്പെടേണ്ടതുണ്ടു്; അത്യധികം വ്യസനിക്കേണ്ടതുമുണ്ടു്. ഇതിന്നുള്ള സമാധാനമെന്നോണം ഒരിക്കൽ എന്റെ ഒരു മാന്യസ്നേഹിതൻ പറയുകയുണ്ടായി: "അവർ യഥാർത്ഥജീവിതം ഇപ്പോൾ മാത്രമാണു് മനസ്സിലാക്കിത്തുടങ്ങുന്നതു്." എന്നാൽ ഞാൻ ചോദിക്കുന്നു, യഥാർത്ഥജീവിതത്തിൽ ഒരു അദ്ധ്യാപകനോ ഒരു കച്ചേരി ഗൃഹസ്ഥനോ മാന്യസ്ഥാനമെന്നു്. ഇതിന്നു സമാധാനമായി എനിക്കു പറയുവാനുള്ളതു് ഇതാണു്:– ഒരു സമുദായത്തിൽ ഒരാൾക്കുള്ള സ്ഥാനം, അയാളും പൊതുജനങ്ങളും തമ്മിലുള്ള ബന്ധത്തേയും, അയാൾക്കു സമുദായത്തോടുള്ള ചുമതലകളേയും അടിസ്ഥാനപ്പെട്ടാണു് ഇരിക്കുന്നതു്. ഇന്നത്തെ ബാലന്മാരാണു് നാളത്തെ പൗരന്മാർ. പൗരധർമ്മമാകുന്ന വിത്തു ബാലഹൃദയങ്ങളാകുന്ന നിലങ്ങൾ ഉഴുതു നിരപ്പാക്കി, അവയിൽ സാരോപദേശങ്ങളാകുന്ന വളം ചേർത്തു കൃഷിചെയ്യുന്ന അദ്ധ്യാപകന്മാരോ മാന്യർ, അതോ, ഒരു കച്ചേരിയുടെ മൂലയിൽ ലോകത്തിന്റെ ദൃഷ്ടിയിൽപ്പെടാതെ ഒരു സാധാരണവേഷംധരിച്ചു്, ക്രമത്തിലധികം വളർന്നിട്ടുള്ള ശ്മശ്രുക്കളുടെ ഇടയിൽക്കൂടി താംബൂലചർവ്വണാവശിഷ്ടങ്ങൾ നിർഗ്ഗളിപ്പിച്ചുകൊണ്ടു്, മേശപ്പുറത്തുവലിച്ചുവാരിയിട്ടിട്ടുള്ള

ഷയങ്ങളിലും പുസ്തകങ്ങളിലും കുറിക്കേറിക്കേണ്ടുന്നവരെ കമ്പൂർ എന്ന പ്രിയപ്പെട്ട വായനക്കാർതന്നെ നിശ്ചയിക്കട്ടെ!

ലോകം ബഹുമാനിക്കുന്നത് അദ്ധ്യാപകലോകത്തെതന്നെയാണ്. ചില പാശ്ചാത്യരാജ്യങ്ങളിൽ നിയമനിർമ്മാണസഭകളിൽ സർവ്വകലാശാലാപ്രതിനിധികളുണ്ടെന്നു കേട്ടിട്ടുണ്ട്. ഒരു രാജ്യത്തിലും ഒരു ഗുമസ്തനെ ഗുമസ്തലോകത്തിന്റെ പ്രതിനിധിയായി നിയമിച്ചിട്ടുള്ളതായി കേട്ടറിവില്ല. ഇപ്രകാരം ഒരു വർഗ്ഗമാണെന്നുതന്നെ സമുദായം ഗണിക്കുന്നില്ല. ഗുമസ്തലോകത്തിന്നു സ്വതന്ത്രമായി യാതൊന്നുംതന്നെ പ്രവർത്തിക്കുവാനില്ലെന്നും, അവരിൽനിന്നു ജനസമുദായം യാതൊന്നും പ്രതീക്ഷിക്കുന്നില്ലെന്നും ഉള്ളതാണ് ഇതിന്റെ യഥാർത്ഥ കാരണം. വാസ്തവത്തിൽ പൊതുജനസേവകന്മാരായ ഉദ്യോഗസ്ഥപ്രമാണികളുടെ ചട്ടുകപ്രായമായ ഉപകരണങ്ങൾ മാത്രമാണ് ഗുമസ്തന്മാർ! ഒരു ഹോട്ടലിലെ ഉടമസ്ഥനെയും അവിടെ ഭക്ഷണപാനീയങ്ങൾ വിളമ്പുന്ന അയാളുടെ സർവ്വന്റുകളെയും അവിടെ ഭക്ഷണം കഴിക്കുന്നതിന്നു വരുന്നവർ എങ്ങനെ വീക്ഷണം ചെയ്യുന്നുവോ, അതുപോലെയാണ് പൊതുജനങ്ങൾ ആഫീസുമേധാവിയെയും ഗുമസ്തലോകത്തെയും കരുതുന്നത്. രാജ്യഭരണകാര്യങ്ങൾ എല്ലാം തങ്ങളാണ് നിയന്ത്രിക്കുന്നതെന്നും മറ്റും തെറ്റിദ്ധരിച്ച്, വീരവാദങ്ങൾ മുഴക്കുന്ന ചില ഗുമസ്തന്മാരെ കാണുമ്പോൾ എനിക്കു തോന്നിപ്പോകാറുണ്ട്, അവർ ഉത്തരംതാങ്ങി ഗൗളികളെപ്പോലെയാണെന്ന്. അവരുടെ വീരവാദങ്ങൾക്ക് ഒരു സാമ്പിൾ താഴെ ചേർക്കുന്നു. എന്റെ ഒരു മാന്യസഹപ്രവർത്തകൻ അഭിമാനത്തോടെ പറഞ്ഞതാണിത്: "ഇന്നലെ ഞാൻ ഒരു ഫയലിൽ ഒരു നോട്ടിട്ടു: സെക്രട്ടറി അതു ശരിവച്ചു; ആഫീസർ അതുപ്രകാരം ഉത്തരവിട്ടു; മറ്റവന്റെ തലയും എടുത്തു." ഇതരമാതിരി അർത്ഥമില്ലാത്ത എത്രയോ ജല്പനങ്ങൾ കേൾക്കേണ്ട ദൗർഭാഗ്യം എനിക്കുണ്ടായിട്ടുണ്ട്— അയ്യോ!

അദ്ധ്യാപകലോകത്തെയും, ഗുമസ്തലോകത്തെയുംപറ്റി ചിന്തിക്കുമ്പോൾ ആദ്യമായി എനിക്കു തോന്നിപ്പോകാറുള്ളത് ഇരുകൂട്ടരുടെയും പരിതസ്ഥിതികളെപ്പറ്റിയാണ്. എന്റെ പരിചയത്തിൽ മേലധികാരികളുടെ മുമ്പിൽ മേൽമുണ്ട് എടുത്ത് അരയിൽകെട്ടി, പഞ്ചപുച്ഛമടക്കി വിനയപ്രതിമപോലെ നില്ക്കേണ്ടതായിട്ടില്ലാത്ത ഏക ഉദ്യോഗം അദ്ധ്യാപകന്റേതാണ്. പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകന്മാർക്കുപോലും തങ്ങളുടെ ഉത്തരീയത്തെ ഏതു മേലധികാരികളുടെ മുമ്പിലും ധരിക്കുവാൻ സ്വാതന്ത്ര്യമുണ്ട്; എന്നുതന്നെയല്ല, അപ്രകാരം ചെയ്യേണ്ടതാണ് നിയമം. ചുരുക്കിപ്പറയുന്നതായാൽ ഏതൊരവസരത്തിലും Inferiority Complex തോന്നിക്കാത്ത ഏക ഉദ്യോഗം അദ്ധ്യാപകന്റേതുതന്നെ.

സുന്ദരകലകൾ, സാഹിത്യം ആദിയായവയിലുള്ള അഭിരുചിയും ആസക്തിയും ആണല്ലോ മനുഷ്യനും മൃഗവും തമ്മിലുള്ള വ്യത്യാസങ്ങളിൽ പ്രധാനം. പ്രസിദ്ധികേട്ട ഗ്രന്ഥകർത്താക്കന്മാരായും ഉജ്ജ്വലപ്രസംഗകന്മാരായും, പ്രൗഢകവികളായും ഉയർന്നുവരുന്നവർ കൂടുതൽ അദ്ധ്യാപകലോകത്തിൽനിന്നാണ്. ഒരു ഗുമസ്തൻ പ്രസംഗിച്ചുനടക്കുക, ഗ്രന്ഥം രചിക്കുക എന്നിവയെല്ലാം 20-ാം നൂറ്റാണ്ടിലെ മഹാത്ഭുതങ്ങളായിട്ടാണ് കണക്കാക്കപ്പെടുന്നത്. ഗുമസ്തലോകം Art, literature, Romance, എന്നിവയെ Atom Bomb, Hydrogen Bomb, Jet planes എന്നിവയുടെ പര്യായങ്ങളായിട്ടാണോ കരുതിവരുന്നത് എന്നു തോന്നിപ്പോകാറുണ്ട്.

അദ്ധ്യാപകന്മാരുടെയും ഗുമസ്തന്മാരുടെയും മനഃസ്ഥിതികൾ തമ്മിലുള്ള ഈ അന്തരത്തിന്നു കാരണം അവർ ഇരുകൂട്ടരും പെരുമാറിവരുന്ന അന്തരീക്ഷങ്ങൾ തമ്മിലുള്ള അന്തരംതന്നെയാണ്. ഒരു ഗുമസ്തന്റെ ജോലി ജീവിതത്തിന് ഒരിക്കലും അനുയോജ്യമായിട്ടുള്ളതല്ല. നേരെമറിച്ച് അദ്ധ്യാപകൻ, ഉല്ലാസഭരിതവും നിർമ്മലമാനസവും ആയ നിരവധി 'വിദ്യാ

ൎത്ഥികളുടെ സമ്പൎക്കംകൊണ്ടു് പാവനമായിത്തീരുന്ന അന്തരീക്ഷത്തിലാണു് പ്രവൃത്തി എടുക്കുന്നതു്. Defalcation, misappropriation, cheating എന്നീ സാംക്രമികരോഗങ്ങളുടെ ബീജങ്ങൾ അദ്ധ്യാപകലോകത്തെ ബാധിച്ചു് അവരുടെ ജീവിതം മലിമസമാക്കിത്തീൎക്കുന്നതായി കണ്ടിട്ടില്ല. അതുകൊണ്ടാണല്ലോ വൃദ്ധന്മാരായിത്തീൎന്നാൽക്കൂടി അദ്ധ്യാപകരുടെ ഉല്ലാസത്തിനു കോട്ടം തട്ടാത്തതു്.

അവസാനമായി അദ്ധ്യാപകന്മാരുടേയും, ഗൃഹസ്ഥന്മാരുടേയും ജീവിതാദൎശത്തെപ്പററിയാണു് പ്രതിപാദിക്കേണ്ടതു്. ഗൃഹസ്ഥന്മാർ സ്വാൎത്ഥത്തിനുവേണ്ടിമാത്രം ജോലിചെയ്യുന്നു; അദ്ധ്യാപകന്മാരാകട്ടെ അവരുടെ ജീവിതം മുഴുവൻ നിസ്സാരവേതനം സ്വീകരിച്ചു് അവരുടെ ശിഷ്യസമൂഹത്തിന്റെ ഉന്നമനത്തിനുവേണ്ടി വ്യയംചെയ്യുകയും, അവരുടെ ശിഷ്യഗണത്തിന്റെ ഉന്നതിയിൽ സന്തോഷിക്കുകയും ചെയ്യുന്നു. നോക്കുക: അവരുടെ വ്യത്യസ്തജീവിതോദ്ദേശ്യങ്ങൾ. തന്റെ വിദ്യാൎത്ഥികൾ ഉയൎന്നസ്ഥിതിയിൽ കാണുമ്പോൾ ഏതൊരു അദ്ധ്യാപകനാണു് അഭിമാനംകൊണ്ടു് പുളകംകൊള്ളാത്തതു്! എത്രതന്നെ പറഞ്ഞാലും, ആരുതന്നെ എതിൎത്താലും, ഗൃഹസ്ഥലോകത്തെക്കാൾ എത്രയോ മാന്യമായ സേവനമാണു് അദ്ധ്യാപകലോകം അനുഷ്ഠിക്കുന്നതു് എന്നു നമുക്കു സമ്മതിക്കാതെ തരമില്ല.

**HALLO!**

WHY YOU WASTE MONEY IN GETTING
YOUR **SPORTS** GOODS
FROM HERE AND THERE?

**TRY**

**The Cochin All Sports**

**ERNAKULAM**

*EXCELLENT IN WORKMANSHIP*
*SATISFACTORY IN SERVICE*
*COMPETITIVE IN PRICES*

# ശ്രീ ചങ്ങമ്പുഴ

— *S. Balan, II U.C.*

"ഛായായിത്തീരാൻ തുടങ്ങിയപ്പോൾ
പോയല്ലോ, പോയല്ലോ, പുഷ്പമേ നീ?"

1089 കന്നി 24-ാം തീയതി മലയാളസാഹിത്യനഭോമണ്ഡലത്തിലെ ആ ഉജ്ജ്വലതാരം, ഇടപ്പള്ളിയിൽ ഉദിച്ചു. അദ്ദേഹത്തിന്റെ അമ്മ ചങ്ങമ്പുഴവീട്ടിൽ ശ്രീമതി സി. കെ. പാറുക്കുട്ടി അമ്മയും അച്ഛൻ കൊച്ചി തെക്കേടത്തു നാരായണമേനവനും ആണ്. കൃഷ്ണപിള്ളയുടെ വിദ്യാഭ്യാസം ആലുവാ, എറണാകുളം, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിൽ നിർവ്വഹിക്കപ്പെട്ടു.



116-ൽ അദ്ദേഹം എം. എ. ബിരുദം സമ്പാദിച്ചു. ശ്രീമതി എസ്. കെ. ശ്രീദേവിയാണ് അദ്ദേഹത്തിന്റെ ഭാര്യാപദം അലങ്കരിച്ചിരുന്നത്. രണ്ടുകുട്ടികളും, രണ്ടു സഹോദരന്മാരും, ഒരു സഹോദരിയുമാണ് അദ്ദേഹത്തിന്നുള്ളത്. 123 മിഥുനം 4-ാം തീയതി ആ താരം അസ്തമിച്ചു: ആ വേണുഗാനം നിലച്ചു.

ചങ്ങമ്പുഴ! ആ വാക്കിന് ഒരു പ്രത്യേക ആകർഷകത്വമുണ്ട്. ആ പേരു് ഓർക്കുന്ന ഏകാന്തതയിൽപോലും മൃദുസ്പന്ദസാന്ദ്രമായ, കരളലിയിക്കുന്ന, ഒരു മുരളീഗാനം എന്റെ ശ്രവണപുടങ്ങളിൽ വന്നു മന്ദമായി തട്ടാറുണ്ട്. അപ്പോൾ മുതൽ എന്റെ ചിന്ത ചിറകു വിരിച്ചു പറക്കുകയായി, ആയിരമായിരം ഗാനശകലങ്ങൾ എന്റെ ഹൃദയത്തിൽ ഊറി വരുകയായി. ഏകാന്തതയിൽപോലും ഞാൻ ചില ഈരടികൾ ഈണത്തിൽ,

"ഇതിനൊക്കെ പ്രതികാരം ചെയ്യാതടങ്ങുമോ പതിതരെ നിങ്ങൾതൻ പിൻമുറക്കാർ"—ഇങ്ങനെ അങ്ങു മൂളി ആനന്ദനിർവൃതിയിൽ ലയിച്ചുപോകും. അദ്ദേഹത്തിന് ലളിതകോമളപദാവലികൾവേണ്ടി ഒരു കാലത്തും ഉഴറേണ്ടിവന്നിട്ടില്ല. രമണനിൽതന്നെ,

"എവിടെത്തിരിഞ്ഞൊന്നു നോക്കിയാലെ-
ന്തവിടെല്ലാം പൂത്തമരങ്ങൾമാത്രം
ഒരു കൊച്ചുകാറ്റെങ്ങാൻ വന്നുപോയാൽ
തുരുതുരെപ്പൂമഴയായി പിന്നെ"

"അവിടേക്കു നോക്കുക, താഴ്‌വരയി-
ലരുവിത്തടത്തിലെപ്പുൽത്തടത്തിൽ
ഒരുമരച്ചോട്ടിൽ രണ്ടാട്ടിടയ-
രൊരുമിച്ചിരുന്നിതാ സല്ലപിപ്പൂ" എന്നും

"അങ്കിതലതാപുഷ്പാദിചിത്ര-
സങ്കലിതമാം കൊച്ചുപുൽപ്പായയിൽ,
തെല്ലിടം ചാഞ്ഞു കൈ നിലത്തൂന്നി,
മുല്ലമൊട്ടൊന്നു ചെഞ്ചുണ്ടിൽ മിന്നി.

ഹാ! വലംകൈത്തളിരിൽ ചിബുകം
പൂവിതൾപോലലസമായ്ത്താങ്ങി
പ്രീതിപൂർവ്വം ചടഞ്ഞിരിക്കുന്ന"—ആ ഇരുപ്പും

"ഇടവഴിത്താരയിൽക്കൂടിയാര-
ണ്ടിടയത്തിരകളൊലിച്ചുപോയി"— എന്നും

"പോകയാണവൾ, പോകയാണവൾ,
രാഗലോലയായേകയായ്" എന്നുമുള്ള ആ

പോക്കും, ആ വാഴത്തണലിലുള്ള കരുമാടിക്കുട്ടന്മാരുടെ കൊതിയസമാജവും മലയാളത്തിന്ന മറക്കുവാൻ സാധിക്കാത്ത ചിത്രങ്ങളാണ്.

അദ്ദേഹത്തിന്റെ കൃതികൾ വികാരാത്മകങ്ങളായിരുന്നു. മനുഷ്യനെ ചിന്തിപ്പിക്കുന്ന

തിനും കരയിപ്പിക്കുന്നതിനും അതിന് പ്രത്യേക ഒരു കഴിവുണ്ട്. അദ്ദേഹത്തിന്റെ കൃതികളുടെ ഒരു സംക്ഷിപ്തചരിത്രംപോലും എഴുതുവാൻ സ്ഥലച്ചുരുക്കത്താൽ തുനിയുന്നില്ല. കേരളീയർ അദ്ദേഹത്തിന്റെ കൃതികളെ എത്രകണ്ടു സ്നേഹിച്ചു എന്നു രമണന്റെ പ്രതികളുടെ കണക്ക് വെളിപ്പെടുത്തുന്നുണ്ട്.

സാമ്പത്തികമോ, സാമുദായികമോ, വർഗ്ഗീയമോ, വിജ്ഞാനപരമോ ആയ യാതൊരു ഏറക്കുറച്ചിലും കൂടാതെ ആബാലവൃദ്ധം ജനങ്ങളും ഒന്നുപോലെ പാടി ആനന്ദിക്കാറുള്ളതാണ് അദ്ദേഹത്തിന്റെ കവിത. 35 വയസ്സിനുള്ളിൽ 30 പുസ്തകങ്ങൾ പുതിയ പ്രസ്ഥാനങ്ങളിലായി എഴുതി കൈരളിക്കു സംഭാവനം ചെയ്തു- അതിൽ ചിലവ, രമണൻ, ദേവഗീത, ദിവ്യഗീത, രക്തപുഷ്പങ്ങൾ, സ്പന്ദിക്കുന്ന അസ്ഥിമാടം — ആ ജനകീയ മഹാകവിയുടെ ശവകുടീരത്തിനു മുൻപിൽ എന്റെ സ്നേഹപൂർണ്ണമായ കൂപ്പുകൈ!

"അക്കല്ലറതൻ ചവിട്ടുപടിയിലൊ-
രല്പമിരുന്നു കരഞ്ഞേച്ചു പോകണേ!
അസ്സുഹൃദാത്മക്കൾ കണ്ടുകണ്ടെങ്കിലു-
മാശ്വസിയ്ക്കട്ടെയൊന്നി **പ്രേമഗായകൻ!**"


# Ruby Elec. Photo Studio

**PHOTOGRAPHERS & ARTISTS**

**Perumanoor :: Ernakulam.**

ENLARGING

PORTRAIT OIL PAINTING

BANNERS

CINEMA SLIDES ETC.

***Neat and Prompt Execution at Moderate Charges***

കവിത

# ക്ഷണികത

— *D· N· Nambuthiri IV U· C·*

[സന്ധ്യ— ആ കൊച്ചുബാലിക പൂക്കളമറുത്ത് ഓടിച്ചാടി നടന്നതാണ്, മാതാവിന്റെ മടിത്തട്ടിൽ, വിഹായസ്സിന്റെ വിസ്തൃതിയിൽ. ആദിത്യൻ—അവളുടെ പിതാവ്—അവളെ പരിലാളിച്ചു. പക്ഷേ നിഷ്ഠുരനായ തമസ്സ്, പിതാവിന്റെ ഗളത്തെ നിഷ്ഠുരണം ഛേദിച്ചുകളഞ്ഞു. അതുമാത്രമോ? പാവപ്പെട്ട സന്ധ്യയേയും അയാൾ പിടികൂടി. വിഹായസ്സ് ഒരുപാട് കരഞ്ഞു; കണ്ണുനീരിൽ കുളിച്ചു—ഒരു കറുത്ത മേഘം സന്ധ്യയുടെ ചിതാഭസ്മവും പേറിക്കൊണ്ടു പോവുകയാണ്.... .............]



സന്ധ്യതൻ ചിതാഭസ്മം
    പേറിക്കൊണ്ടൊരു മേഘ—
മന്ധകാരത്തിൽക്കൂടെ
    മന്ദമായൊഴുകവേ,
തുടുത്ത കവിളിണ
    ച്ചാലിലൂട, ശ്രുക്കൾ തൻ
കനത്ത പ്രവാഹത്തെ
    താങ്ങുവാൻ കഴിയാതെ,
കയ്യിണകൊണ്ടു കണ്ണു—
    പൊത്തിയിട്ടവൾ കേണാ,—
ളുള്ളിലെക്കദനത്തെ
    താങ്ങുവാൻ സാധിയ്ക്കാതെ;

കരയും, വ്യോമത്തിന്റെ
    പൂങ്കവിൾ തുടയ്ക്കുവാൻ
വരുകില്ലെന്നോ, നിന്റെ
    കമിതാവാകും സൂര്യൻ?
—ഇല്ലില്ല, മുഗ്ദ്ധേ, തെററി—
    ദ്ധരിച്ചീടേണ്ട, കൈവാൾ
നിന്നുടെ കമിതാവിൻ
    ഗളത്തെ ഛേദിച്ചല്ലോ!
രക്തത്തിൽ മുങ്ങിക്കുളി—
    ച്ചുങ്ങവൻ പടിഞ്ഞാറെ
ചക്രവാളത്തിൻപിന്നിൽ,
    താഴോട്ടു, പതിച്ചില്ലേ?
കരയൂ, വിഹായസ്സേ,
    പൊയ്പ്പോയീ, ഭവതിതൻ
കമിതാ-- വതുപോട്ടെ,
    പൊന്നോമൽ ദുഹിത്രിയും!
അന്ധകാരത്തിൽ താണു
    പോകുവാനാകാമവൾ
സുന്ദരിയായിത്തന്നെ
    പിറന്നു നഭസ്സിങ്കൽ!
ആനന്ദപുളകിത
    യായവളോടന്നിതാ

താരകളുടെ പുഷ്പ-
സഞ്ചയമറുക്കുവാൻ
കന്യയാമവളറി—
ഞ്ഞീടില്ല, ലോകത്തിൻെറ
വൈവിദ്ധ്യമിയലുന്ന
വഞ്ചനാശതങ്ങളെ!
തമസ്സിൻ കരാളമാം
കറുത്ത കയ്കൾക്കുള്ളി--
ലമന്നു സന്ധ്യാദേവി
വരിച്ചു തമസ്സിനെ.
നിശ്ശബ്ദയായി,ട്ടൊരു
വാക്കുമേ പറയാതെ,
യാത്മാവിൽ കത്തിക്കാളു—
മഗ്നിയെക്കാണിക്കാതെ,
മന്ദമായ് മറഞ്ഞുപോ—
യിരുളിൻ മറയ്ക്കുള്ളിൽ—,
ചെന്നാവൾ കിടക്കയായ്
വ്യസനക്കൊടുംതീയിൽ!
പാവനപിതൃത്വം ഹാ,
ക്രൂരമാം കരവാളിൻ
ദാഹത്തെ ശമിപ്പിയ്ക്കാൻ
മറഞ്ഞു, കടലിലും!
എങ്കിലുമെന്തിനിന്നു
ദൈവമീസ്സൗന്ദര്യത്തെ
ഭംഗുരം ക്ഷണികത
തന്നിലായർപ്പിച്ചാവോ?


# THE
# Kerala Tutorial College

**Market Road, Ernakulam.**

**(Inter, B. A. & B.Sc. Madras & T. V. R.)**

THE ABLEST PROFESSORS ARE GATHERED HERE
UNDER ONE ROOF—AND THIS TELLS
IN OUR RESULTS.

*T. K. NARAYANAN, M. A.*
**PRINCIPAL.**

# മാക്സിംഗോക്കി

— *V. Purushothaman IV B. Com.*

മാക്സിംഗോക്കി....... സാഹിത്യപ്രണയികൾക്ക് ആവേശം നൽകുന്ന ഒരു അസാധാരണശക്തിയുടെ ആവാസകേന്ദ്രമാണ് ആ നാമം കൊണ്ടു നിർദ്ദേശിക്കപ്പെടുന്നത്. 19-ാം ശതാബ്ദത്തിൽ ജനിച്ചു വളർന്ന ഗോക്കി ഇന്നും നമ്മളുടെ മനോമുകുരത്തിൽനിന്നു മാഞ്ഞുപോകുന്നില്ല. ആ അമാനുഷശക്തി, അന്നെന്നപോലെ ഇന്നും, അദ്ധ്വാനിക്കുന്ന വർഗ്ഗത്തിന് അവശതാപരിഹാരത്തിനുള്ള "സന്ധിയില്ലാസമര" ത്തിൽ നേതൃത്വം നൽകിക്കൊണ്ടു പഴമയിൽനിന്നു പുതുമയിലേക്കു കുതിച്ചു പായുകയാണ്. ആ മുന്നേറ്റത്തെ യാതൊരു ശക്തിക്കും പിടിച്ചു നിറുത്തുക സാദ്ധ്യമല്ല. തൂലികകൊണ്ടു സമരം ചെയ്തു സാറിസ്റ്റുഭരണത്തിനെതിരെ വിജയം വരിച്ച ഗോക്കിയുടെ ത്യാഗമോഹനമായ ജീവിതകഥ നമുക്കിന്നും നേതൃത്വം നൽകിക്കൊണ്ടിരിക്കുന്നു.



വോൾഗാതീരത്തുള്ള ഒരു റഷ്യൻഗ്രാമത്തിലാണ് ഗോക്കി ജനിച്ചത്. അന്നാരും അറിഞ്ഞുകാണുകയില്ല, ആ കല്ലണിക്കാരന്റെ പുത്രൻ ഇത്രയും ലോകപ്രസിദ്ധനായിത്തീരുമെന്ന്. പക്ഷെ അന്ധവിശ്വാസത്തിലും അജ്ഞതയിലും അടിയുറച്ചിരുന്ന തന്റെ അയൽപക്കക്കാരോട് ഒരു വെല്ലുവിളിയോടുകൂടിയാണ് ഗോക്കി ജീവിതം ആരംഭിച്ചത്. നിർദ്ധനവും നിരാശ്രയവുമായ ഒരു സാധുകുടുംബത്തിലെ അംഗമെന്ന നിലയിൽ അദ്ദേഹത്തിനു ദാരിദ്ര്യത്തെക്കുറിച്ചും മനുഷ്യന്റെ അന്തമില്ലാത്ത അവശതകളെക്കുറിച്ചും, നേരിട്ടു ഗ്രഹിക്കുവാൻ അവസരം സിദ്ധിച്ചു. മർദ്ദകരോടു മർദ്ദിതജനതയ്ക്കുള്ള മറക്കാത്ത പ്രതികാരം അദ്ദേഹത്തിന്റെ മനസ്സിൽ ഉദയം കൊണ്ടു. അദ്ധ്വാനിക്കുന്നവന് അവനർഹിക്കുന്ന പ്രതിഫലം അനുവദിക്കാത്ത ആ ദുഷിച്ച വ്യവസ്ഥിതിയോട് അദ്ദേഹത്തിനു വെറുപ്പും വിദ്വേഷവുമുണ്ടായി. ആ മുരടിച്ച മുതലാളിത്തവ്യവസ്ഥിതിയിൽനിന്നു ദപാവർഗ്ഗത്തെ വിമുക്തരാക്കുമെന്നുള്ള ദൃഢപ്രതിജ്ഞയോടുകൂടിയാണ് മാക്സിംഗോക്കി തൂലികയെടുത്തത്.

ഗോക്കിയുടെ ബാല്യകാലം വളരെ ദയനീയമായിരുന്നു. അദ്ദേഹം ഒരു ബാലനായിരിക്കെത്തന്നെ അച്ഛൻ മരിച്ചു. ജീവിക്കുവാൻ ഗത്യന്തരമില്ലാഞ്ഞതിനാൽ, പത്തു വയസ്സുള്ളപ്പോൾതന്നെ ഗോക്കി പണിയെടുക്കുവാൻ തുടങ്ങി. ആദ്യമായി, അദ്ദേഹം ഒരു പീടികയിൽ സാമാനങ്ങൾ പൊതിഞ്ഞു കൊടുക്കുന്ന ജോലിയിൽ പ്രവേശിച്ചു. പക്ഷെ രാപകലില്ലാതെയുള്ള അദ്ധ്വാനവും തുച്ഛമായ കൂലിയും കൊണ്ടു തൃപ്തിപ്പെടുവാൻ ആ ഉൽക്കർഷേച്ഛുവിനു കഴിഞ്ഞില്ല. അദ്ദേഹം അതിനുശേഷം വീട്ടുവേലക്കാരനായും കപ്പലിൽ അരിവയ്പുകാരനായും ജോലി നോക്കി. അടങ്ങാത്ത അഭ്യുദയകാംക്ഷ അദ്ദേഹത്തെ ഒരു റെയിൽവേ തൊഴിലാളിയാക്കി മാററി.

ഇക്കാലമത്രയും തനിക്കു കിട്ടിയിരുന്ന ഒഴിവുസമയങ്ങളിൽ ഗോക്കി സ്വയം പഠിക്കുകയും ചിന്തിക്കയും ചെയ്തുകൊണ്ടിരുന്നു. ഗോക്കിയുടെ വിദ്യാലയജീവിതമൊരു പരാജയമായിരുന്നു. വിദ്യാലയത്തിൽ പോയി പഠിക്കുന്നതിനുള്ള യാതൊരു സൌകര്യവും അദ്ദേഹത്തിനുണ്ടായിരുന്നില്ല. അന്നു റഷ്യയിൽ ആരംഭിച്ചിരുന്ന തൊഴിലാളി വിപ്ലവം ഗോക്കി

യുടെ ചിന്താഗതിക്കു സഹായകമായി പരിണമിച്ചു. ഈ പരിതസ്ഥിതിയിലാണ് മാക്സിം ഗോർക്കി സാഹിത്യപരിശ്രമം ആരംഭിച്ചത്.

പ്രഥമകഥയായ "Makar Chudra" ഗോർക്കി വെറും ഒരു റെയിൽവേ തൊഴിലാളിയായിരുന്നപ്പോൾ എഴുതിയതാണ്. ഗ്രന്ഥകാരൻ പ്രതീക്ഷിക്കാത്ത ഉത്സാഹത്തോടെയാണ് റഷ്യൻ ജനത ആ സാഹിത്യവല്ലരിയെ സ്വാഗതം ചെയ്തത്. 1892-ൽ പ്രസിദ്ധപ്പെടുത്തിയ ആ കഥതന്നെ ഗോർക്കിയെ പ്രശസ്തനും നിരൂപകകേസരികളുടെ അഭിനന്ദനങ്ങൾക്കു പാത്രീഭൂതനുമാക്കി. അതിനുശേഷം അദ്ദേഹം പത്രങ്ങളിൽ തുടരെ ലേഖനങ്ങളും കഥകളും പ്രസിദ്ധീകരിക്കുവാൻ തുടങ്ങി. ആറു വർഷങ്ങൾ കഴിഞ്ഞതോടെ അദ്ദേഹം തന്റെ കൃതികളെല്ലാമടങ്ങിയ രണ്ടു സാഹിത്യോപഹാരങ്ങൾ പ്രസിദ്ധപ്പെടുത്തി. അതോടെ ഗോർക്കിയുടെ പ്രശസ്തി റഷ്യയിലങ്ങോളമിങ്ങോളം പരന്നു.

ഇന്നു സാഹിത്യലോകത്തു ചേരിപിരിവു സൃഷ്ടിച്ചുകൊണ്ടു മുന്നേറുന്ന സോഷ്യലിസ്റ്റ്റിയലിസത്തിന്റെ ജനയിതാവ് ഗോർക്കിയാണ്. ദൈവത്താൽ സ്ഥാപിതമാണ് രാജാധികാരം (Divine Right of Kings) എന്നുള്ള സിദ്ധാന്തത്തിൽ വിശ്വസിച്ചിരുന്ന റഷ്യയിലെ ഏകാധിപതികളായ ചക്രവർത്തിമാരുടെ പൈശാചികമർദ്ദനങ്ങളിൽപ്പെട്ട് നിത്യയാതനയനുഭവിച്ചുകൊണ്ടിരുന്ന ജനതയ്ക്ക് ആയുധമെടുത്തു അവകാശബോധത്തോടുകൂടി സമരം ചെയ്യുന്നതിനു പ്രചോദനം നൽകിയതു ഗോർക്കിയായിരുന്നു. സാഹിത്യകാരൻ മർദ്ദിതലക്ഷങ്ങളുടെ വക്താവാണെന്നും അവരുടെ ആശകൾക്കും ആവേശങ്ങൾക്കും രൂപം നൽകേണ്ടതു സാഹിത്യകാരന്റെ ഒഴിച്ചുകൂടാൻ വയ്യാത്ത കടമയാണെന്നും ഗോർക്കി വിശ്വസിച്ചിരുന്നു. സാധാരണക്കാരന്റെ ജീവന്മരണസമരത്തിൽ പങ്കെടുത്തുകൊണ്ടു സിദ്ധിച്ച അനുഭവജ്ഞാനത്തിന്റെ വെളിച്ചത്തിൽ ആണ് അദ്ദേഹം കഥകളിലേയും ലേഖനങ്ങളിലേയും ഓരോ വാക്കും രേഖപ്പെടുത്തിയിട്ടുള്ളത്. അവ എന്നും മാക്കാനോ മറയ്ക്കാനോ സാദ്ധ്യമല്ലാത്തവിധം ഭാസുരമായി പ്രകാശിച്ചുകൊണ്ടു ലോകമൊട്ടാകമാനമുള്ള മർദ്ദിതജനതയ്ക്കു വെളിച്ചം നൽകും.

സമകാലീനനും സുപ്രസിദ്ധനാടകകൃത്തുമായ ചെക്കോവുമായി സമ്പർക്കത്തിലേർപ്പെടുന്നതിനുള്ള ഭാഗ്യവും ഗോർക്കിക്കു സിദ്ധിച്ചു. ഈ സമ്പർക്കത്തിൽനിന്ന് ഉടലെടുത്ത രണ്ടു നാടകങ്ങളാണ് ഗോർക്കിയുടെ "Philistioes" "The Lower Depths" എന്ന കൃതികൾ.

ഗോർക്കിയുടെ പ്രതികാരരേഖയിൽനിന്നു രൂപംകൊണ്ട സാഹിത്യസംരംഭങ്ങളുടെനേർക്കു റഷ്യയിലെ മുരടിച്ച രാജവാഴ്ച, അതോടൊപ്പം ക്രൂരമായ മർദ്ദനായുധങ്ങൾ അഴിച്ചുവിട്ടു. ഇതിനിടയ്ക്കു ഗോർക്കിയെ പല പ്രാവശ്യവും കൽത്തുറുങ്കിൽ അടയ്ക്കുകയും നാടുകടത്തുകയും ചെയ്തു. 1917-ലെ റഷ്യൻ വിപ്ലവത്തിൽ ഗോർക്കിക്കു പ്രസ്താവയോഗ്യമായ പങ്കുണ്ടായിരുന്നു. അദ്ദേഹം യൂറോപ്പും അമേരിക്കയും സന്ദർശിച്ച്, റഷ്യയിലെ പൊതുജനമുന്നേറ്റത്തെ പുരസ്കരിച്ചു പ്രസംഗിക്കുകയുമുണ്ടായി. ഗോർക്കി ഇടയിടയ്ക്ക് പാവപ്പെട്ടവന്റെ പരമാധികാരത്തെ പ്രഖ്യാപനം ചെയ്യുന്നതിനുവേണ്ടിയുള്ള മർദ്ദിതവർഗ്ഗത്തിന്റെ വിപ്ലവപൂർണ്ണമായ മുന്നേറ്റത്തെ ചിത്രീകരിക്കുന്ന "Mother" എന്ന നോവലും പ്രസിദ്ധീകരിച്ചു. ഗോർക്കിയുടെ വിശ്വവിഖ്യാതമായ ഈ നോവൽ 29 ഭാഷകളിലേക്കു വിവർത്തനം ചെയ്തിട്ടുമുണ്ട്.

സാർഗവണ്മെന്റിന്റെ ദണ്ഡനീതിക്കു വിധേയനായി പൊറുതിമുട്ടിയ ഗോർക്കി തന്റെ താമസം "കാപ്രി"യിലേക്കു മാറ്റി. ഈ കാലഘട്ടത്തിലാണ് അദ്ദേഹത്തിനു "പാവങ്ങളുടെ പടത്തലവ"നായ ലെനിനുമായി പരിചയം സമ്പാദിക്കുവാൻ സന്ദർഭം ലഭിച്ചത്. ഇതിനിടയ്ക്കു ഗോർക്കി, തൊഴിലാളികളുടെ കഷ്ടപ്പാടുകളെയും, മുതലാളിവ്യവസ്ഥിതിയുടെ ക്രൂരമർദ്ദനങ്ങളെയും തുറന്നുകാട്ടുന്ന പല കഥകളുമെഴുതുകയുണ്ടായി.

ഫ്രഞ്ചുവിപ്ലവത്തിനു വോൾട്ടയറും റൂസ്സോയും നൽകിയ സാഹിത്യസംഭാവനകളെക്കാൾ ഉന്നതമായ സംഭാവനയാണ് "The Artamo-

vos" "The Life of Klim Samgin" എന്ന കൃതികൾ മുഖേന ഗോക്കി റഷ്യൻവിപ്ലവത്തിനു നൽകിയതു്. റഷ്യൻജനതയെ വിപ്ലവത്തിനു തയ്യാറാക്കത്തക്ക ഒരു മാസ്മരശക്തി ആ കൃതികൾക്കുണ്ടായിരുന്നു. അതിലെ കഥാപാത്രങ്ങൾ സാധാരണക്കാരും കഷ്ടതയനുഭവിക്കുന്ന വഗ്ഗത്തിന്റെ പ്രതിനിധികളുമായിരുന്നു. പക്ഷെ അവർ ഭീരുക്കളായിരുന്നില്ല. തോക്കിനുനേരെ വിരിമാറു കാണിച്ചുകൊണ്ടു മുന്നേറുവാനുള്ള ചങ്കുറ്റം അവർക്കുണ്ടായിരുന്നു.

മലയാളസാഹിത്യവും തുഞ്ചത്തെഴുത്തച്ഛനും തമ്മിലുള്ളതിനേക്കാൾ ദൃഢതരമായ ബന്ധമാണു ഗോക്കിക്കും റഷ്യൻസാഹിത്യത്തിനും തമ്മിൽ ഉള്ളതു്. അദ്ദേഹം തന്റെ തൂലിക, വളന്നു വന്ന കിരാതത്വത്തിന്റെ കരാളവക്ത്രത്തിൽ നിന്നു റഷ്യൻജനതയെ വിമുക്തരാക്കുന്നതിനു വേണ്ടി ചലിപ്പിച്ചു. പക്ഷെ അദ്ദേഹത്തിന്റെ മനോമുകുരത്തിൽ മൊട്ടിട്ടുനിന്നിരുന്ന ആശാകുസുമങ്ങൾ വികസിച്ചു രൂപം പ്രാപിക്കുന്നതിനു മുമ്പുതന്നെ—1933-ൽ—ഏതോ ചില യൂദാസുകൾ കുറച്ചു വെള്ളിനാണയങ്ങൾക്കുവേണ്ടി അദ്ദേഹത്തെ നിർദ്ദയം വധിച്ചു.

എന്നാൽ ഇന്നും ആ പാവനനാമധേയം മർത്ത്യരുടെ മനസ്സിന്നു് ആനന്ദം നല്കുന്നു. സാധാരണക്കാരുടെ അവശതകൾക്കും ആവശ്യങ്ങൾക്കും രൂപം നൽകാൻ കലാകാരന്മാരെ പ്രേരിപ്പിച്ചുകൊണ്ടു് ആ മറഞ്ഞുപോയ മാനുഷശക്തി, ഒരു വെള്ളിനക്ഷത്രം കണക്കു സാഹിത്യനഭസ്സിൽ പൊലിയാതെ പ്രകാശിക്കുന്നു.


**Always at your service for your requirements of:—**

*Foreign Liquors & Denatured Spirit, Cigarettes, Cigars, Tobacco & Smokers' Requisites, Everything for Soda Factory, Bakers' & Confectioners' Requirements, Printing Inks, Printing, Typewriting and Office Stationeries, Toilets, Pharmaceutical Preparations and Tin Provisions.*

VALAVI & Co., KOTTAYAM,
TRAVANCORE.

# കാനനപുഷ്പവും മനുഷ്യനും

*— Chembakacherril, S. Balan II. U. C.*

മനുഷ്യൻ:- കാനനപുഷ്പമേ! നിന്നെനോക്കി
മൂകനായ് നിന്നു ഞാനല്പനേരം
എന്തു നീ കണ്ണുനീർ വാർത്തുനില്ക്കാൻ
എന്നോടു കാരണമോതുമോ നീ?
വെള്ളിനക്ഷത്രങ്ങൾ നിൻെറ ചുററും
മിന്നിമിന്നിപ്രകാശിച്ചതില്ല?
നീലയളിചെറുപാട്ടുമായി
നിൻ സവിധത്തിലണഞ്ഞതില്ലേ?
സന്തോഷംകൊണ്ടു നീയാടിടാതെ
എന്തിത്രമന്ദമായ് കുമ്പിനിൽപൂ?

കാനനപുഷ്പം:- ഏകയായ്, സ്വൈരയായ്, നിർമ്മലയായ്
എന്നുമിവിടെ ഞാൻ വാഴ്‌വാനായ്
മർത്ത്യ! നീ എന്നെ അനുവദിച്ചാൽ
കണ്ണുനീർ തുള്ളി ഞാൻ തൂകുകില്ല.
നിൻെറ സാമീപ്യത്തെ എപ്പോഴും ഞാൻ
മററതിനേക്കാൾ ഭയന്നിടുന്നു.
പോകൂ സഹോദര! പോയിടൂ നീ!!
കാനനം ഞങ്ങൾക്കു തന്നിട്ടു നീ

മനുഷ്യൻ:- പോയിടാം നിന്നെ ഞാൻ തൊട്ടിടാതെ
നിർമ്മലയായി നീ വാണുകൊൾക!!...

❖❖❖❖❖❖❖❖❖❖❖❖❖❖

FOR EVERYTHING ON BOOKS
PLEASE MENTION
**KATTOOKAREN BOOK STALL,**
**Broadway, Ernakulam.**
PUBLISHERS, BOOK SELLERS & STATIONERS
DIRECT IMPORTERS & WHOLESALE SUPPLIERS



M. I. Vergese IV U. C. (1949-'50)
Winner: Mathulla Memorial Medal



Kesava Iyyar K. IV B. Com. (1949-'50)
Winner: Kerala Varma Gold Medal



Politics Club (1950-'51)



S. H. College—Main block.
*Photo by B. V. Rajan I U. C.*



S. H. College—Administration block.
*Photo by M. K. Gopinath III B. C*



Sunset's rose and silver seize.
*Photo by N. J. Thomas II U. C.*



Marian Congress at Ernakulam.
*Photo by B. V. Rajan I*



Posing willingly with terror furled.
*Photo by B. V. Rajan I U. C.*



Shabarimalai temple.
*Photo by M. K. Gopinath III B. Com.*

ചെറുകഥ

# അപ്രതീക്ഷിതം

— *C. P. Antony, II U. C.*

അന്നു വെള്ളിയാഴ്ചയായിരുന്നു. സ്കൂൾ ഫൈനൽ പരീക്ഷ ഒരുവിധം ഭംഗിയായി അവസാനിച്ചു. ആശങ്കയോടുകൂടിയാണെങ്കിലും, നിദ്രാദേവിയെ ആശ്ലേഷിക്കാനുള്ള ആവേശത്തോടുകൂടി തോമസ് സഹപാഠികളൊരുമിച്ചു സ്വഭവനത്തിലേക്കു മടങ്ങി. സൂര്യഭഗവാനും അന്നത്തെ ജോലി അവസാനിപ്പിച്ച് പശ്ചിമാംബുധിയാകുന്ന മണിമഞ്ചത്തിൽ പൊന്താമരനിറമേന്തുന്ന പട്ടുവിരിയിൽ വിശ്രമിച്ചു. പ്രത്യാശകളോടും എന്നാൽ ആശങ്കകളോടുംകൂടി തോമസ് വീട്ടിലെത്തി സ്നാനാഹാരാദികഴിഞ്ഞു കിടക്കവിരിച്ചു കിടപ്പായി.



അവന്റെ ഹൃദയം വിജയത്തിന്റേയും പരാജയത്തിന്റെയും മദ്ധ്യേ തേങ്ങിത്തേങ്ങി, നീണ്ട വെക്കേഷനിലെ ഓരോ ദിനവും കഴിഞ്ഞു. സ്കൂൾഫൈനൽ പരീക്ഷാഫലം ഇന്നു പ്രസിദ്ധപ്പെടും, നാളെയുണ്ടു, മാറ്റിവച്ചു എന്നിങ്ങനെ പത്രങ്ങളിൽ കുറിപ്പുകൾ കണ്ടുതുടങ്ങി. ഓരോ വിനാഴികയും അവനു് ഭാരമായി തോന്നി. പത്രങ്ങളിൽ പറഞ്ഞ അവധികൾ പലതും കഴിഞ്ഞു.

തോമസ്, ധനവാന്മാരും കുലീനരുമായ മാതാപിതാക്കളുടെ ഏക ഓമനസന്താനമാണ്. അവരുടെ ആശകളുടെ ഏകകേന്ദ്രമാണ് കൊച്ചുതോമസ്. തോമസ്സിന്റെ സൽസ്വഭാവത്തെ അദ്ധ്യാപകരെന്നല്ല, വിദ്യാർത്ഥികളും ബഹുമാനിച്ചിരുന്നു. വീട്ടിലെ മാതൃകാപരമായ ശിക്ഷണത്തിന്റെ പരിണതഫലമായിരുന്നു ആ ശോഭനമായ സ്വഭാവം.

കോളേജുകളിൽ അപേക്ഷാഫോറം സ്വീകരിക്കുന്ന അവസാനതീയതിയും അവസാനിച്ചു. പക്ഷെ സ്കൂൾഫൈനൽ പരീക്ഷാഫലം പുറത്തു വന്നിട്ടില്ല. തോമസിന്റെ വദനത്തിൽ സന്തോഷത്തിന്റെയും, ദുഃഖത്തിന്റെയും നിഴലുകൾ മാറിമാറി പ്രസരിച്ചുകൊണ്ടിരുന്നു. നീണ്ട മൂന്നു രാത്രികൾ അവൻ എങ്ങനെയോ തള്ളിമാറ്റി. ചിന്താധീനനായി കഴിഞ്ഞുകൂടുന്ന തോമസിനെ, പത്രവും കൈയ്യിലേന്തി ഒരു സഹപാഠി സമീപിച്ച് ഇപ്രകാരം പറഞ്ഞു. "പരീക്ഷയെന്നതു് ഒരു അരിപ്പയാണ്. അതിലെ സൂക്ഷ്മദ്വാരങ്ങളിലൂടെ കടന്നുപോകുവാൻ ശുദ്ധ പച്ചവെള്ളക്കാർക്കുമാത്രമേ സാധിക്കുകയുള്ളൂ; കുറച്ചു ഘനമോ, ഗൗരവമോ ഉള്ളവരെല്ലാം അരിപ്പയിൽ തങ്ങുകയേ ഉള്ളൂ. അതിനാൽ പരീക്ഷയിൽ ജയിക്കാത്തതിൽ എനിക്കു യാതൊരു കുണ്ഠിതവുമില്ല." ഗൗരവവും ഘനവുമുള്ള ആ സഹപാഠിയുടെ വദനത്തിൽ അസൂയയുടെ ഒരു നിഴൽപ്പാട് പ്രത്യക്ഷപ്പെട്ടെങ്കിൽ അത്ഭുതത്തിനവകാശമില്ല.

രാജകീയ കലാലയത്തിൽ പ്രവേശനം ലഭിക്കുവാൻ തോമസിനു് ശിപാർശിയൊന്നും ആവശ്യം വന്നില്ല; കോളേജിന്റെ കവാടങ്ങൾ അവനുവേണ്ടി തുറക്കപ്പെട്ടതോടുകൂടി സ്വാതന്ത്ര്യമാകുന്ന മധുരനാരങ്ങ ആസ്വദിക്കുവാനും തുടങ്ങി. ഓരോ അല്ലി ആസ്വദിച്ചാസ്വദിച്ച് അവന്റെ സ്വഭാവത്തിൽ ചില വ്യതിയാനങ്ങൾ അവനറിയാതെന്നവണ്ണം കടന്നുകൂടി. മാതാപിതാക്കന്മാരുടെ ശാസനയെക്കുറിച്ചുള്ള ഭയം അവന്റെ നിർമ്മല ഹൃദയത്തിൽനിന്നു നീങ്ങി

കഴിഞ്ഞു. പക്ഷെ ഈ സ്വാതന്ത്ര്യം ദുഃഖസാഗരത്തിന്റെ അഗാധമായ അടിത്തട്ടിലേക്ക തന്നെ വലിച്ചിടുമെന്ന് അവൻ സ്വപ്നേപി വിചാരിച്ചില്ല.

ദുസ്സ്വഭാവികളും പക്ഷേ, നിസ്വാർത്ഥരെന്ന് സ്വയം അഭിമാനിക്കുന്നവരുമായ ചില സഹപാഠികളോടുകൂടി തോമസിന്റെ ഹോസ്റ്റൽജീവിതം കോലാഹലമായിത്തന്നെ കഴിഞ്ഞുപോന്നു. സ്കൂൾഫൈനൽ പരീക്ഷ സ്കോളർഷിപ്പോടുകൂടി പാസായ തോമസിന്റെ കോളജ് പഠനം സംബന്ധിച്ച പ്രോഗ്രസ് റിപ്പോർട്ടിൽ ചുവന്ന മഷി അധികമധികം പ്രയോഗത്തിൽ വന്നു.

പ്രൊഫസർമാരുടെ ആജ്ഞകളേയും ഉപദേശങ്ങളേയും തൃണവൽഗണിച്ച് സ്വതന്ത്രബുദ്ധി പ്രകടിപ്പിച്ചുകൊണ്ട് അവൻ 'കസറി'. അങ്ങനെ 'കോളജ്‌ഡേയും' സമാഗതമായി. വിദ്യാലയപരിസരങ്ങൾ വിചിത്ര വർണ്ണോജ്ജ്വലങ്ങളായ അലങ്കാരങ്ങൾ അണിഞ്ഞു. എങ്ങും ആഹ്ലാദത്തിന്റെ ഒരു തിരതല്ലൽ. വിദ്യാർത്ഥികൾ ആകാംക്ഷയോടെ കാത്തിരുന്ന ഒരു ദിനമാണത്. ഉയർന്ന ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ സർവ്വഭാരവും തങ്ങളുടെ ചുമലിലാണെന്നുള്ള ഭാവത്തോടെ, ചിത്രശലഭങ്ങളെപ്പോലെ അണിഞ്ഞൊരുങ്ങിനിൽക്കുന്ന വിദ്യാർത്ഥിനികളുടെ സമീപത്തും ഇടയ്ക്കുംകൂടി കാര്യമാത്രപ്രസക്തരെന്ന ഭാവത്തിൽ ഓടിനടക്കുന്നുണ്ട്. തോമസും അവരിൽ ഒട്ടും പിന്നാക്കമല്ല. ഈ തിരക്കിനിടയിൽ ഒരു പ്യൂൺവന്ന് തോമസിനെ പ്രിൻസിപ്പാളിന്റെ മുറിയിലേക്ക ക്ഷണിച്ചു. മുറിയിൽ പ്രവേശിച്ച തോമസ്, പ്രിൻസിപ്പാളും പോലീസ് ഇൻസ്പെക്ടരും തമ്മിൽ എന്തൊക്കെയോ സംസാരിച്ചുകൊണ്ടിരിക്കുന്നതാണ് കണ്ടത്. തോമസിനെ കണ്ട ഉടൻ ഇൻസ്പെക്ടർ ചോദിച്ചു: 'ഓ! നിങ്ങളാണ്, മിസ്റ്റർ തോമസ് അല്ലേ?! ഞാൻ നിങ്ങളെക്കുറിച്ച് പ്രിൻസിപ്പാളിനോട് ചോദിക്കുകയായിരുന്നു. നിങ്ങൾ അത്യാവശ്യമായി സ്റ്റേഷൻവരെ വരണം. ഒരു കാര്യം നിങ്ങളോട് ചോദിക്കേണ്ടിയിരിക്കുന്നു. പരിഭ്രമിക്കേണ്ട, ഉടൻതന്നെ തിരിച്ചു പോരാം."

തോമസ് ആശ്ചര്യപ്പെട്ടു. തന്നെക്കൊണ്ട് പോലീസിനെന്തു കാര്യമെന്നയാൾ ചിന്തിച്ചു. അയാൾക്കൊന്നും മനസ്സിലായില്ല. ധീരചിത്തനായ ആ യുവാവ് ഇൻസ്പെക്ടരോടൊന്നിച്ച് സ്റ്റേഷനിലേക്ക പുറപ്പെട്ടു. അവിടെ എത്തിയയുടൻ ഇൻസ്പെക്ടർ തോമസിനെ നേരെ നിറുത്തി ചോദിച്ചു: 'നിങ്ങൾ സിനിമാഹാളിൽവെച്ച് ഒരു യുവതിയെ കഠിനമായി അവഹേളിച്ചുഎന്ന് അവർ ആവലാതിപ്പെട്ടിട്ടുണ്ട്. അതിൽ എത്രത്തോളം വാസ്തവമുണ്ട്?" തോമസ് ഭയപരവശനായി, കുറ്റം സമ്മതിച്ചുവെങ്കിലും ചെയ്ത കുറ്റത്തിന്നു പരിഹാരമായി ആ യുവതിയോട് മാപ്പപേക്ഷിക്കേണ്ടിവന്നു. പ്രൊഫസർമാർ മാത്രമല്ല, വിദ്യാർത്ഥികളും തോമസിനെ അതൃപ്തിയോടുകൂടി വീക്ഷിച്ചുതുടങ്ങി.

കൊല്ലാവസാനപ്പരീക്ഷ സമാഗതമായത് തോമസിനെ തീരെ പരിഭ്രമിപ്പിക്കുകയുണ്ടായില്ല. പരീക്ഷ കഴിഞ്ഞാറെ സ്കൂൾഫൈനൽ പരീക്ഷയ്ക്കനുഭവപ്പെട്ടതുപോലെ യാതൊരു ഭയവും ഉണ്ടായില്ല. ഇപ്പോൾ കുറച്ചു ഘനവും ഗൗരവവുമുള്ള തോമസിനു പരീക്ഷയാകുന്ന അരിപ്പയിൽകൂടി കടന്നുപോകുവാൻ വളരെ പ്രയാസം നേരിട്ടു. എങ്കിലും കോളജ് കൗൺസിലിന്റെ മഹാമനസ്കതയും ഏതോ ഭാഗ്യവിശേഷവുംനിമിത്തം അക്കുറിയും തോമസ് ജയിച്ചു.

സാധാരണയായി വിദ്യാർത്ഥികൾക്ക് ഉല്ലാസപ്രദമായ വെക്കേഷൻകാലം തോമസ് അസ്വസ്ഥതയോടുകൂടിയാണ് കഴിച്ചുകൂട്ടിയത്. ഒരു ദിവസംപോലും സിനിമാശാല സന്ദർശിക്കാതെ ഉറങ്ങാറില്ലായിരുന്ന തോമസ്, അഴിക്കുള്ളിൽ കിടന്നു പിടയുന്ന വെരുകിനെപ്പോലെയാണ് അവൻ വീട്ടിൽ കുറെദിവസങ്ങൾ കഴിച്ചുകൂട്ടിയത്. എങ്കിലും ചിലപ്പോഴൊക്കെ മാതാപിതാക്കന്മാരുടെ ചില ആജ്ഞകളെ തൃണവൽഗണിച്ച്, വിദ്യാസമ്പന്നനെന്നു നടിച്ച് സ്വതന്ത്രമായി പ്രവർത്തിക്കുവാൻ തോമസിന് ഇതു് അവസരമായി. വെക്കേഷൻ അവസാനിക്കാറായി. അവന്റെ മൃദുലമായ വദനത്തിൽ

പ്രസന്നത പ്രതിബിംബിച്ചുതുടങ്ങി. അടുത്ത തിങ്കളാഴ്ചയാണ് കോളജ് തുറക്കുന്നത്. അടുത്തുകൂടി സേവപറഞ്ഞ് കയ്യിൽകിട്ടിയ സമ്പാദ്യമെല്ലാം തട്ടിച്ചുകൊണ്ടുപോയി ധ്വംസനം ചെയ്യുന്ന ധൂർത്തനെന്ന മട്ടിൽ, ആ വിസ്തൃതമായ ഗൃഹാങ്കണത്തിന്റെ തെക്കുപടിഞ്ഞാറുള്ള കു[illegible]കമരത്തിൽ ചാറിപ്പടന്ന് തളിർത്തു നിറയെ പൂത്ത് അഹങ്കരിച്ചുനിൽക്കുന്ന മുല്ലവള്ളിയെ താലോലിച്ചോമനിച്ചു തൊട്ടു തലോടി, തഴുകി, പൂക്കളുടെ പരിമളധോരണിയാകവെ അപഹരിച്ചുകൊണ്ടു മന്ദമാരുതൻ സ്വച്ഛന്ദം വിലസുന്നു. ആ, അങ്കണമദ്ധ്യേ ഉലാത്തിയിരുന്ന പിതാവിനെ സമീപിച്ചു തോമസ് പറയുന്നു. "നാളെ കോളജ് തുറക്കും; കുറച്ചധികം പണം വേണം" തന്റെ ആകാശക്കോട്ടയുടെ അസ്ഥിവാരമായ തോമസിന്റെ ചോദ്യത്തിന് അനുകൂലമായ ഒരു മറുവടിയല്ലാതെ ആ പിതാവ് എന്തു പറയും?

അടുത്ത പ്രഭാതത്തിൽ തോമസ് കോളജിലേക്കു യാത്രയായി. വിഷാദനിർഭരമായിരുന്ന അവന്റെ ഹൃദയം ആനന്ദസാഗരത്തിൽ നീന്തിത്തുടിക്കുവാൻ തുടങ്ങി. ഹോസ്റ്റൽ നിയമങ്ങളോടു തോമസിനുള്ള വെറുപ്പ്, പുറമെ താമസിയ്ക്കുന്നതിന് അവനെ പ്രേരിപ്പിച്ചു. ഇപ്പോൾ സ്വാതന്ത്ര്യത്തിനു വിഘ്നമുണ്ടാക്കുന്ന സകല കടിഞ്ഞാണുകളിൽനിന്നും അവൻ വിമുക്തനായി.

ചില സഹപാഠികളുടെ പ്രേരണമൂലം കോളജ് യൂണിയൻ തിരഞ്ഞെടുപ്പിൽ തോമസ് ഒരു സ്ഥാനാർത്ഥിയായി നിന്നു. നിസ്വാർത്ഥതയുടെ മുദ്രയും ധരിച്ച് ചിലർ തോമസിന്റെ സഹായികളായി അഹോരാത്രം ബുദ്ധിമുട്ടി. എന്നാൽ ഈ പരിശ്രമമെല്ലാം തോമസിന്റെ വീർത്ത പേഴ്സിനെ ആശ്രയിച്ചായിരുന്നുവെന്നു പറയുന്നതിൽ വലിയ തെറ്റൊന്നുമില്ല. എന്തിനധികം, ഇലക്ഷനിൽ തോമസ് പരാജിതനാകയാണുണ്ടായത്.

അങ്ങനെ ദിവസങ്ങളല്ല മാസങ്ങൾ രണ്ടുമൂന്നു കഴിഞ്ഞു. തിരഞ്ഞെടുപ്പുപരീക്ഷാരാക്ഷസന്റെ പിടിയിൽനിന്നു രക്ഷപെടുവാൻ തോമസ് വെമ്പിത്തുടങ്ങി. എങ്ങനെയോ ആ പിശാചിൽനിന്ന് അവൻ രക്ഷപ്രാപിച്ചു. മാസം ഒന്നു പിന്നെയും കടന്നുപോയി. നിസ്സാരകാരണത്തിന്മേൽ കോളജധികൃതന്മാർക്കെതിരായി ഒരു പണിമുടക്കു നടത്തുവാൻ സെലക്ഷനിൽ തോററ ചില പ്രമുഖവിദ്യാർത്ഥികൾ തീരുമാനിച്ചിരിക്കുന്നു. ആ പരിശ്രമത്തിൽ വിജയം ലഭിക്കുവാൻ അവർ സ്വാതന്ത്ര്യപ്രേമിയായ തോമസിനെ സമീപിച്ചതിൽ അത്ഭുതപ്പെടുവാനൊന്നുമില്ല, അത്യുഗ്രമായ വെയിൽ കൂട്ടാക്കാതെ കലാലയകവാടത്തിൽ കിടന്നുകൊണ്ട് പിക്കററ് ചെയ്യുവാൻ സാമർത്ഥ്യമുള്ളവർ കോളജിൽ വേറെയും ഉണ്ടായിരുന്നു. പണിമുടക്ക് മൂന്നുദിവസത്തോളം നീണ്ടുനിന്നു. കോളജധികാരികൾക്കു വിദ്യാർത്ഥികളുടെ അഭിപ്രായത്തോട് അനുകൂലിയ്ക്കാതെ ഗത്യന്തരമില്ലാതായി. അങ്ങനെ വിജയത്തിൽ പരിണമിച്ച ഈ പണിമുടക്കിന്റെ അടിത്തട്ടിൽ ചില രഹസ്യങ്ങൾ ഒളിഞ്ഞുകിടന്നിരുന്നത് അവർ അറിഞ്ഞിട്ടുണ്ടായിരിക്കയില്ല.

രണ്ടു വർഷത്തെ പ്രയത്നഫലം പുറപ്പെടുവിയ്ക്കാനുള്ള സർവ്വകലാശാലപ്പരീക്ഷ അടുത്തു. തന്റെ സർവ്വശക്തികളുമുപയോഗിച്ചു പരീക്ഷയിൽ വിജയിയാകുവാൻ തോമസ് പരിശ്രമിച്ചു.

പക്ഷെ പരീക്ഷയ്ക്കു രണ്ടുവാരം മുൻപു പ്രിൻസിപ്പാളിൻപക്കൽനിന്നു തോമസിന് ഒരു ലെറ്റർ കിട്ടി. ആ കടലാസിലെ ഓരോ വരി വായിക്കുന്തോറും, പ്രകാശമാനമായ ചന്ദ്രബിംബം കാർമേഘത്താൽ മൂടപ്പെടുന്നതുപോലെ തോമസിന്റെ വദനം മങ്ങിക്കാണപ്പെട്ടു. സർവ്വകലാശാലപ്പരീക്ഷയ്ക്ക് എഴുതുവാൻ അനുവാദം നിഷേധിക്കുന്ന ഒരു കല്പനയായിരുന്നു അത്.

# പിച്ചകമാല

— *T. C. Karunakaran IV U. C.*

അഞ്ചിതമായോരു പിച്ചകപ്പൂമാല
തഞ്ചത്തിൽ കോർത്തു ഞാൻ കാത്തുനിൽപ്പൂ
അമ്മാലകൊണ്ടു ഞാൻ സമ്മാനിക്കേണ്ടൊരാ-
ളൊന്നേയിപ്പാരിലുള്ളാക്കെന്നാകിൽ.
മാനുഷരെല്ലാരും മാനിപ്പോളെന്നാലും
മാനുഷിയല്ലവൾ, മായ്‌വോളല്ല:
വിണ്ണിൻ വെളിച്ചത്തെ, വിശ്വത്തിൻ ദീപ്തിയെ,
മണ്ണിൽപ്പരത്തുമക്കാവ്യാംഗന!
വേദാന്തം തൊട്ടിങ്ങു വേലക്കാർ പാടുന്ന
മൂളിപ്പാട്ടോരോന്നിൻ ചേതോരൂപം!

ആരാമംതന്നിലദ്ദേവിയെയോർത്തോർത്തു
ഹാരവും കൊണ്ടങ്ങും ഞാൻ നടന്നു
പാരിടംതന്നിൽ പതിച്ചോരു മോഹന
താരംപോൽ കാണായിതൊന്നവളെ
അപ്പുഷ്പവാടിയിലങ്ങൊരു മൂലയി-
ലച്ചെമ്പകത്തിൻ മറവിലായി
വിശ്വകർമ്മാവിന്റെ കല്പനാശില്പം താ-
നപ്പാടേ പോന്നിങ്ങു നില്ക്കുംപോലെ
കണ്ടൊരാരൂപത്തിൻ കണ്ഠത്തിലെൻമാല
കൊണ്ടാടിച്ചാർത്തുവാൻ കൈയാഞ്ഞപ്പോൾ
കൊഞ്ചിക്കുഴഞ്ഞുകൊണ്ടാദേവിയപ്പൊഴേ
പുഞ്ചിരിതൂകി മറഞ്ഞുപോയി
മുല്ലപ്പടർപ്പുകൾ തോറും നടന്നു ഞാ—
നല്ലലാൽ നോക്കി വലഞ്ഞലഞ്ഞു
പാരിൽ പരിക്ഷീണ, നാശ നശിച്ച ഞാൻ
പാരാതെ പോന്നു മടങ്ങിപ്പിന്നെ.

# വിദ്യാഭ്യാസത്തിന്റെ യഥാർത്ഥലക്ഷ്യങ്ങൾ

*— Kuriakose C. Punnolil I. U. C.*

ഇന്നു് ലോകത്തിലെ ഓരോ വ്യക്തിയും പാരിച്ച ഗർവ്വോടെ, വർദ്ധിച്ച സ്വാതന്ത്ര്യത്തോടെ, സങ്കുചിത ചിത്തത്തോടെ, മുരടിച്ചതും കാപട്യമേറിയതുമായ ലോകത്തോടെ, അങ്ങനെ ഒരു പരക്കംപാച്ചിൽ പായുകയാണു്. ലക്ഷ്യം തെറ്റിയുള്ള ഈ പാച്ചിലിനെ ഒരു കടിഞ്ഞാണിട്ടുപിടിച്ചുനിർത്തി യഥാർത്ഥ മാർഗ്ഗത്തിലേക്കു് തിരിക്കേണ്ടതു് നമ്മുടെ ധർമ്മമല്ലയോ? കോളേജുകളിലും മററു വിദ്യാലയങ്ങളിലും അദ്ധ്യയനം ചെയ്യുന്ന യുവതീയുവാക്കന്മാർക്കു് ഇക്കാര്യത്തിൽ വളരെയെല്ലാം പ്രവർത്തിക്കാൻ കഴിയും.



ആയിരക്കണക്കിനു് യുവതീയുവാക്കന്മാർ ഓരോ വിദ്യാലയങ്ങളിലും അദ്ധ്യയനം നടത്തുന്നു. സയൻസും തർക്കശാസ്ത്രവും പഠിച്ചതുകൊണ്ടു നാം തൃപ്തരാകരുതു്. വിദ്യാഭ്യാസകാലത്തു തന്നെ നമുക്കു് നമ്മുടെ ചുററിലും ജീവിക്കുന്ന സഹോദരങ്ങളോടു് — പട്ടിണിപ്പാവങ്ങളോടു് — അസ്ഥിക്കൂടങ്ങളോടു്, ചില കടമകൾ ഉണ്ടെന്നുള്ള വസ്തുത നാം വിഗണിച്ചുകളയുന്നു. ഇന്നു് എത്രയോ ലക്ഷം സാധാരണജനങ്ങൾ അവശരായി, അജ്ഞരായി, അന്ധരായി, അനൈകമത്യത്തിൽ പരസ്പരം കലഹിച്ചും ചൂഷണം ചെയ്തും ജീവിക്കുന്നു. അവരെ ഒരു നവോത്ഥാനദശയിലേക്കു് ആനയിക്കേണ്ടതു് നമ്മുടെ ധർമ്മമാണു്. ഇതാണു് നമ്മുടെ വിദ്യാഭ്യാസത്തിന്റെ പ്രധാനലക്ഷ്യം; ഇതാണു് നമ്മുടെ ഇന്നത്തെ മനുഷ്യധർമ്മം; ഇതാണു് ഇന്നത്തെ ലോകം ആഹ്വാനം ചെയ്യുന്നതു്.

ഭാരതത്തിൽ ലക്ഷക്കണക്കിനു് അഭയാർത്ഥികളെ നാം കാണുന്നു. അവർ നഗ്നരായി, പട്ടിണിസമൂഹങ്ങളായി, അശരണരായി, അഗതികളായി, കഴിഞ്ഞുകൂടുന്നു. അവർക്കും ഉണ്ടു് സന്താനങ്ങളും സ്നേഹിക്കുന്ന ഹൃദയങ്ങളും. അവർക്കും ഉണ്ടു് ചുവന്ന രക്തം. എന്നാൽ അവരുടെ നിലയോ പരിതാപകരം. പറവകൾക്കു വിഹരിക്കാൻ വിശാലമായ ആകാശമുണ്ടു്. മൃഗങ്ങൾക്കു സഞ്ചരിക്കാൻ വനാന്തരമുണ്ടു്. ഇവർക്കോ തല ചായിക്കാൻ ഒരു പാർപ്പിടമില്ലാതെ മൃഗത്തിലും മൃഗമായി അലഞ്ഞുതിരിയുന്നു. ഇവരും മനുഷ്യരാശിയിൽപ്പെട്ടവരല്ലേ? ഈശ്വര! പരിതാപകരം. അതിനാൽ ഇവരുടെ ഉദ്ധാരണമാണു് നമ്മുടെ വിജയം. അതായിരിക്കണം നമ്മുടെ വിദ്യാഭ്യാസത്തിന്റെ ഒരു മുഖ്യലക്ഷ്യം.

നാം വെറും പുസ്തകപ്പുഴുക്കളായി, ആരും അറിയപ്പെടാതെ, ആർക്കും ഉപകരിക്കാതെ കലാലയത്തിന്റെ ഒതുങ്ങിയ മൂലയിൽ വാവലിനെപ്പോലെ, കണ്ണുമടച്ചു ജീവിക്കേണ്ടവരാണോ? ഇന്നത്തെ ഭൂരിപക്ഷം ഈ ഇനത്തിൽപെടുന്നവരല്ലേ. നാലോ, ആറോ വർഷം ഒരു കോളജിന്റെ ഉള്ളിൽ കഴിച്ചു് അവസാനം ഒന്നാം ക്ലാസിൽ പാസായി പുറത്തോട്ടിറങ്ങുന്നുവെന്നു സങ്കല്പിക്കുക. അനന്തരം ഏതെങ്കിലും ഉയർന്ന ഒരു ഉദ്യോഗവും നേടി, ഉന്നതകുടുംബത്തിൽനിന്നു ഡിഗ്രിക്കൊത്തവിധം സ്ത്രീധനവും വാങ്ങി വിവാഹബന്ധത്തിൽ ഏർപ്പെട്ടു് അങ്ങനെ പ

ത്രകളത്രാദികളോടുകൂടി ചപ്രമഞ്ചത്തിൽ കിടന്നു സുഖിക്കുന്നു. മരതകസാരി മാളികകളിൽനിന്നു മാദകോമ പരത്തുന്നു. അതേസമയം ഡിഗ്രിക്കാരൻസാറിന്റെ പടിവാതുക്കൽ 'അരയണതരണമേ'യെന്നു യാചിക്കുന്ന ഭിക്ഷക്കാരനെ അവന്റെ പട്ടി ചാടിച്ചെന്നു പിൻതിരിക്കുന്നു. ഇങ്ങനെ ഉള്ള ചിത്രമല്ലേ നാം ഇന്നു കാണുന്നതു്? ഇതാണോ നമ്മുടെ വിദ്യാഭ്യാസലക്ഷ്യം? നാം വെറും കിണറ്റിലെ മണ്ഡൂകത്തെപ്പോലെ ജീവിക്കേണ്ടവരല്ല. ഇതാണോ നമ്മുടെ ജീവിതതാല്പര്യം? ഇതാണോ നമ്മുടെ സഹോദരങ്ങളോടുള്ള ധർമ്മം? ഇതു മനുഷ്യന്റെ സ്വാർത്ഥതയെ തുറന്നു കാണിക്കുന്നു. അവന്റെ മൃഗീയവാസനകളെ വിളിച്ചറിയിക്കുന്നു.

ലോകവ്യാപകമായ ഒരു സ്നേഹം—ആരാലും പൂജ്യമായി, സമാദരണീയമായി, സകലലോകസമാരാധ്യമായിട്ടുള്ള—ഒരു സ്നേഹമാണു് നാം ശീലിക്കേണ്ടതു്. ഇതിന്റെ അഭാവമാണു് ഇന്നത്തെ ദുരന്തങ്ങളുടെ കാരണം. "ധനം നഷ്ടമാകുമ്പോൾ ഒന്നും നഷ്ടപ്പെടുന്നില്ല; ആരോഗ്യം നഷ്ടമാകുമ്പോൾ കുറെനഷ്ടം വരുന്നു; എന്നാൽ സ്വഭാവം നഷ്ടമാകുമ്പോൾ എല്ലാം നഷ്ടമാകുന്നു" എന്നാണു് ഒരു ജർമ്മൻ മോട്ടോ കാണിച്ചുതരുന്നതു്. സ്വഭാവശുദ്ധിയാണു മനുഷ്യന്റെ മാന്യതയെ വിളിച്ചറിയിക്കുന്നതു്. അതിനുവേണ്ടിയാണു് നാം ജീവിക്കേണ്ടതു്. അതിൽ മാത്രമാണു് നാം എത്തിച്ചേരേണ്ടതു്. അതാണു നമ്മുടെ വിദ്യാഭ്യാസത്തിന്റെ പ്രഥമവും പ്രധാനവുമായ ലക്ഷ്യം.

മനുഷ്യൻ ഇന്നു് ഒരു ചിന്താവിപ്ലവത്തിനു വിധേയനായിത്തീർന്നിരിക്കുന്നു. അതിന്റെ നല്ല വശങ്ങളെ, നമ്മുടെയും സമസൃഷ്ടങ്ങളുടെയും ഉന്നതിക്കുതകുന്ന അംശങ്ങളെ, തിരഞ്ഞെടുക്കേണ്ടതു് നമ്മുടെ ധർമ്മമാണു്. നാഗരികമായ ഇന്നത്തെ ഈ ലോകത്തിൽ ജീവിക്കുന്നെങ്കിൽ നാം ചിലതൊക്കെ മനസ്സിലാക്കാനുണ്ടു്.

ഭാരതം ഇന്നു് സ്വതന്ത്രമാണു്. നാംതന്നെ ഇന്നു് നമ്മെ ഭരിക്കുന്നു. എന്നാൽ നാം തൃപ്തരാണോ? അനേകം പൊൻകിനാവുകൾ ഭാരതാംബിക കണ്ടു. എന്നാൽ അവയുടെ ആഗ്രഹങ്ങൾ പൂർത്തിയായോ? അവളുടെ അരുമസന്താനങ്ങൾ അനേകർ മർദ്ദിതരും പീഡിതരുമായി. അനേകർ കരിന്തുറുങ്കിൽ അടയ്ക്കപ്പെട്ടു; രക്തം ചിന്തി. എന്നാൽ ഇന്നും അവർക്കു് സമാധാനമുണ്ടോ? അവർ ഇന്നു് അസംതൃപ്തരാണു്. വാത്തെടുത്ത തൊപ്പിയും പച്ചച്ചിരിയും ഖദർവസ്ത്രവും ഉണ്ടായാൽ കോൺഗ്രസ്സുകാരനായി എന്നു് അഭിമാനംകൊള്ളുന്ന ജനവ്യൂഹത്തെയാണു് നാം വീക്ഷിക്കുന്നതു്. ഗാന്ധിപ്രതിമകൾവച്ചു് പുഷ്പാർച്ചനം ചെയ്യുന്നു. എന്നാൽ അവർ ഇതുകൊണ്ടും തൃപ്തരാണോ? അല്ല. നമ്മുടെ സംസ്കാരം എന്നു് അതിന്റെ വിജയമകുടം ചൂടുന്നുവോ, നമ്മുടെ വിദ്യാഭ്യാസത്തിന്റെ യഥാർത്ഥലക്ഷ്യത്തിൽ എന്നു് നാം എത്തിച്ചേരുന്നുവോ അന്നു് അവർ തൃപ്തരാകും.

ജനതതി കോൺഗ്രസ്സിന്റെയും മറ്റു സംഘടനകളുടെയും കൊടിക്കീഴിൽ നിന്നുകൊണ്ടു് ഓരോരോ അവകാശങ്ങൾക്കായി അനുദിനം പോരാടുന്നു. അജ്ഞരെ സമുദ്ധരിക്കുന്നതു്—സത്യത്തിന്റെ ലക്ഷ്യത്തിൽക്കൂടി നയിക്കുന്നതു് ഏതു സംഘടനയാണോ അതാണു സുസ്ഥിരമായ വിജയം പ്രാപിക്കാൻ പോകുന്നതു്. അല്ലാതെ ഞാൻ കോൺഗ്രസ്സുകാരനാണെന്നോ, തൊഴിലാളിനേതാവാണെന്നോ പറഞ്ഞു നടന്നാൽ ഒന്നും നേടുവാൻ പോകുന്നില്ല. അഭ്യസ്തവിദ്യർക്കു് എന്തെങ്കിലും തൊഴിൽ സുലഭമായിരിക്കത്തക്കവണ്ണവും നാളിലെ വാണിജ്യവ്യവസായങ്ങൾക്കു പുരോഗതിയുണ്ടായിരിക്കത്തക്കവിധവും നമ്മുടെ വിദ്യാഭ്യാസപദ്ധതി പരിഷ്കരിക്കേണ്ടിയിരിക്കുന്നു. ഹരിജനോദ്ധാരണത്തിനും തൊഴിൽപരിശീലനത്തിനും കലാശാസ്ത്രപരിസേവനത്തോടൊപ്പം വിദ്യാഭ്യാസത്തിൽ പ്രധാനപങ്കു നല്കേണ്ടതാണു്.

ചെറുകഥ

# ആഹ്വാനം

— *K. A. Raman Pillai II U. C.*

ഇക്കഴിഞ്ഞ വർഷമാണു്. അന്നു് എന്റെ ജന്മദിനമായിരുന്നു. ദേവാലയദർശനം കഴിഞ്ഞു് ഞാൻ തിരിയെ വീട്ടിലെത്തി. അവിടെ ഒരു സദ്യയുടെ ശ്രമങ്ങൾ നടക്കുന്നുണ്ടായിരുന്നു. അച്ഛൻ സ്റ്റേഷനിലേക്കു പൊയ്ക്കഴിഞ്ഞിട്ടു് അധികം സമയമായിരുന്നില്ല. എന്റെ കൊച്ചു സഹോദരി ലീലയും അവളുടെ കൊച്ചനുജൻ ബേബിയും മുററത്തു കളിക്കുകയാണു്. ചേച്ചി റേഡിയോയുടെ അടുത്തിരുന്നു ഗാനങ്ങൾ കേൾക്കുന്നു.

ഞങ്ങളുടെ വീട്ടിനു മുൻവശത്തുള്ള റോഡിൽ ഗേയിററിനു വെളിയിൽ ഒരു പിച്ചക്കാരി വന്നുനിന്നു. ദാരിദ്ര്യം കാർന്നുതിന്നു്, അസ്ഥിമാത്രശേഷയായ ആ സ്ത്രീയുടെ തോളിൽ ഒരു കുട്ടിയും ഉണ്ടായിരുന്നു. റോഡിൽനിന്നുകൊണ്ടു് അവർ വീട്ടിലേക്കു നോക്കി. "എന്താ" ഞാൻ ചോദിച്ചു. അവർ മൗനം അവലംബിച്ചതേയുള്ളു; താമസിയാതെ അപ്രത്യക്ഷയായി.

അഞ്ചുമിനിററു കഴിഞ്ഞുകാണും. ഒരു തെണ്ടിച്ചെറുക്കൻ മുററത്തു കയറിവന്നു. മധുരമായി മന്ദഹസിച്ചുകൊണ്ടു് അവൻ ബേബിയുടേയും ലീലയുടേയും അടുത്തു ചെന്നു. അവനും അവരോടൊത്തു കളിക്കണമെന്നാഗ്രഹമുണ്ടായിരിക്കണം. അവനും ഏതെങ്കിലും മാതാപിതാക്കളുടെ സന്താനമല്ലേ.? ബാലസഹജമായ വിനോദവാസന അവനിലും സ്ഥിതിചെയ്യുന്നില്ലേ? അവൻ ബേബിയുടെ അടുത്തുചെന്നു, ബേബിയുടെ കളിപ്പാവ അവന്റെ കൈയിലായി. മന്ദഹാസത്തിന്റെ മധുരമനോഹരമായ ഭാഷയിൽ അവൻ അതിനോടു് നർമ്മസല്ലാപം ചെയ്തു. അവൻ ആനന്ദത്തിന്റെ സാമ്രാജ്യത്തിൽ സ്വച്ഛന്ദം വിഹരിച്ചു കാണും— ഭാവനാസമ്പന്നനായ ഒരു അനുഗൃഹീത കവിയേപ്പോലെ.

ബേബിയും ലീലയും അവന്റെ കൈയിലിരുന്ന കളിപ്പാവ കടന്നുപിടിച്ചു. അവൻ ആ ഭാവനാലോകത്തുനിന്നു് യഥാർത്ഥ ലോകത്തിലേയ്ക്കു് ഇറങ്ങിപ്പോന്നു. അവൻ ആ പാവ കൊടുത്തില്ല. ലീല അവനെ തല്ലി. ബേബിയും. അവൻ ആഞ്ഞൊരു ഏറു് എറിഞ്ഞു. ആ പാവ നുറുക്കഷണങ്ങളായി. ബേബിയും ലീലയും കൂടി അവനെ മറിച്ചിട്ടു. അവൻ പിടഞ്ഞെഴുന്നേററു, മുഷ്ടി ഉയർത്തിപ്പിടിച്ചു—ഒരു സ്വാതന്ത്ര്യവിപ്ലവകാരിയേപ്പോലെ. "അവൻ കമ്മ്യൂണിസ്ററുകാരനാ"–ലീല പറഞ്ഞു. ബേബിയും ലീലയും പൊട്ടിച്ചിരിച്ചു.

ഞാൻ മുററത്തേയ്ക്കു് ഇറങ്ങിച്ചെന്നു. അവന്റെ മുഖഭാവം ശാന്തമായി. എന്നെ നോക്കി അവൻ ചിരിച്ചു. അവന്റെ കൈവശം ഒരു കടലാസു ചുരുൾ ഇരിക്കുന്നതു കണ്ടു. "എന്താണതു്"" ഞാൻ ചോദിച്ചു. "അമ്മ തന്നതാ, ചേട്ടന്റെ കയ്യിൽ തരാൻ." അവൻ കൊഞ്ചിക്കൊഞ്ചി പറഞ്ഞു നിർത്തി. "ഏതു ചേട്ടന്റെ" അതായിരുന്നു എന്റെ സംശയം. അവൻ എന്റെ നേരെ കൈ ചൂണ്ടി. ഒരു തെണ്ടിച്ചെറുക്കൻ പോലീസ് ഇൻസ്പെക്ടരുടെ മകനായ എന്നെ ചേട്ടനെന്നു വിളിച്ചു— അന്നാദ്യമായി.

ഞാൻ ആ കടലാസു നിവർത്തുനോക്കി. ഏതോ ഭിത്തിയിൽനിന്നു ഇളക്കിയെടുത്ത ഒരു നോട്ടീസ്. അതിന്റെ അച്ചടിയില്ലാത്ത വശത്തു് എന്തോ എഴുതിയിരിക്കുന്നു, പെൻസിൽകൊണ്ടു്. അക്ഷരങ്ങൾ ശരിയായി തെളിഞ്ഞിരുന്നില്ല. ആ എഴുത്തു് ഞാൻ അമ്മയുടെ കൈ

യിൽ കൊടുത്തു. അമ്മ അതിപ്രകാരം വായിച്ചു.

"പ്രിയ ചേച്ചി,

ചേച്ചിയുടെ കൊച്ചനുജത്തി ഭാനുവാണ് ഈ എഴുത്തെഴുതുന്നതു്. ഇതു ഞാനെഴുതുകയില്ലായിരുന്നു. പക്ഷേ ചില നഗ്നസത്യങ്ങൾ ചേച്ചിയും മനസ്സിലാക്കേണ്ടതായുണ്ടു്. പതിനെട്ടു വർഷങ്ങൾക്കപ്പുറമുള്ള ജീവിതത്തെപ്പററി സ്മരിക്കുവാൻ ചേച്ചിക്കു കഴിയുമോ? ചേച്ചിയും ഞാനും ഒരേഞെട്ടിലെ രണ്ടു കുസുമങ്ങളേപ്പോലെ പരിശോഭിച്ച അക്കാലം. തുച്ഛ ശമ്പളക്കാരനെങ്കിലും വാത്സല്യനിധിയായ നമ്മുടെ അച്ഛൻ നമ്മെ എങ്ങനെയാണ് ലാളിച്ചു വളർത്തിയതെന്നു ചേച്ചി ഓർക്കുന്നുണ്ടായിരിക്കുമല്ലോ. ചേച്ചിക്കു് എൻെറയും അച്ഛൻെറയും പിന്നീടുള്ള ചരിത്രം അറിയണമെന്നുണ്ടോ? ഉണ്ടെങ്കിൽ എഴുതാം. അന്യാദൃശമായ സൗന്ദര്യം ചേച്ചിയെ ഭർതൃമതിയാക്കി. ചേച്ചിയുടെ വിവാഹത്തിനുശേഷം അധികം കഴിയുന്നതിനു മുൻപു് അച്ഛനെ ഏറമാന്തുക്കു സ്ഥലംമാററി. അവിടെനിന്നു പല സ്ഥലത്തേക്കും മാറേണ്ടി വന്നിട്ടുണ്ടു്. അങ്ങനെ വർഷങ്ങൾ പലതു കഴിഞ്ഞു. കൊല്ലത്തു താമസിക്കുന്ന കാലത്താണ് എൻെറ വിവാഹം നടന്നതു്. വിവാഹത്തിനു ചേച്ചി വരുമെന്നു ഞാൻ പ്രതീക്ഷിച്ചിരുന്നു. എന്നാൽ ഒരു അഞ്ചൽശിപായിയുടെ മകളുടെ വിവാഹത്തിൽ സംബന്ധിക്കുന്നതു് ചേച്ചിയേപ്പോലെ നിലയും വിലയുമുള്ള ഒരു സ്ത്രീയുടെ അന്തസ്സിനും അഭിമാനത്തിനും ചേന്നതല്ലെന്നു ഞങ്ങൾക്കറിയാമായിരുന്നു."– അമ്മ കണ്ണുനീർ തുടയ്ക്കുന്നതു ഞാൻ കണ്ടു. "അമ്മേ ബാക്കികൂടെ" ഞാൻ ധൃതികൂട്ടി. "പ്രഭാകരൻ, അതാണ് എൻെറ ഭർത്താവിൻെറ പേരു്. വിത്തമോ വിദ്യയോ കണക്കിലധികം അദ്ദേഹത്തിനുണ്ടായിരുന്നില്ല. അഴകും ആരോഗ്യവും തങ്ങിനിന്ന ഒരു ശരീരം. സംസ്കാരമാണ് അദ്ദേഹത്തിൻെറ സമ്പത്തു്. നട്ടെല്ലുമുറികെ രാവും പകലും ജോലിചെയ്യുന്ന, അനാവശ്യമായി യാതൊരു ശക്തിയുടേയും മുൻപിൽ മുട്ടുവളയ്ക്കാത്ത സർവ്വതന്ത്രസ്വതന്ത്രനായ ഒരു ഫാക്ടററിത്തൊഴിലാളിയായിരുന്നു പ്രഭാകരൻ.

ഞങ്ങളുടെ വിവാഹത്തിനുശേഷം ഒരുവർഷം കഴിഞ്ഞപ്പോൾ, പ്രിയ ചേച്ചി, വാത്സല്യനിധിയായിരുന്ന നമ്മുടെ അച്ഛൻ മരിച്ചുപോയി. അന്നു ഞാൻ സന്താനഹീനയായിരുന്നു. ഒരു കുഞ്ഞുകാൽ കാണുവാൻ നമ്മുടെ പ്രിയപ്പെട്ട അച്ഛൻ എത്രകണ്ടു് ആഗ്രഹിച്ചിട്ടുണ്ടെന്നോ? ചേച്ചിയുടെ ഓമനപ്പൈതലുകളെക്കാണുവാൻ അച്ഛൻ കൊതിച്ചിരുന്നു്. ചേച്ചിയുടെ ഹൃദയശൂന്യതയെപ്പററി അച്ഛൻ അകംനൊന്തു സംസാരിച്ചു. ചേച്ചിയുടെ നാമം പറഞ്ഞുകൊണ്ടാണ് അദ്ദേഹം മരിച്ചതു്.

അച്ഛൻെറ മരണം ഞങ്ങളെ രണ്ടാളേയും വല്ലാതെ വേദനിപ്പിച്ചു. അച്ഛൻെറ മരണശേഷമാണ് എൻെറ തങ്കത്തിൻെറ ജനനം. അവനിപ്പോൾ അഞ്ചുവയസ്സു പ്രായമുണ്ടു്. ആറു വർഷക്കാലത്തെ ദാമ്പത്യജീവിതം പരമാനന്ദകരമായിരുന്നു.

തൊഴിലാളികളുടെ നേതാവായിരുന്നു എൻെറ ഭർത്താവ്. തുച്ഛമായ വേതനം ജീവിതത്തിനു് മതിയാവുകയില്ലെന്നും ശമ്പളം കൂട്ടിക്കിട്ടണമെന്നും കാണിച്ചു് തൊഴിലാളിസംഘടന ഫാക്ടററി ഉടമസ്ഥനു് നോട്ടീസ് കൊടുത്തു. നിഷ്ഫലം. തൊഴിലാളികൾ അഹിംസാപരമായ സത്യാഗ്രഹം നടത്തി. നിഷ്ഫലം. മുദ്രാവാക്യങ്ങൾ മുഴക്കി. എല്ലാ വിപ്ലവകാരികളേയും പോലീസ് അറസ്ററുചെയ്തു. അങ്ങനെ എൻെറ ഹൃദയേശ്വരൻ ബന്ധിതനായിത്തീന്നു.

എൻേറയും കുഞ്ഞിൻേറയും നില ദയനീയമായി അധഃപതിച്ചു. വായുവും ജലവുംകൊണ്ടു ഞങ്ങൾ ഒരാഴ്ചക്കാലം ജീവിച്ചു. തെരുവീഥികളിൽക്കൂടി ഞങ്ങൾ അലഞ്ഞുതിരിഞ്ഞു. എന്നും ജയിലിനു മുൻപിൽ റോഡിൽപോയി നില്ക്കുമായിരുന്നു. എൻെറ ജീവിതേശ്വരൻ കനത്ത ഇരുമ്പഴികൾക്കുള്ളിൽ കിടക്കുന്നതു നോക്കിനിന്നു കരയുന്നതല്ലാതെ അവിടെ കയറിച്ചെല്ലുന്നതിനുപോലും എനിക്കു സ്വാതന്ത്ര്യമുണ്ടായിരുന്നില്ല.

ഞങ്ങൾ ഇക്കാലമത്രയും ജീവിച്ചതെങ്ങനെയാണെന്നല്ലേ? പറയാം. സന്മാർഗ്ഗത്തിൽനിന്ന് അണുമാത്രം വ്യതിചലിച്ചിട്ടില്ലെന്ന് ഞാൻ പറയുന്നതു ചേച്ചി വിശ്വസിക്കണം. എൻെറ ആത്മാവിനെ മുൻനിർത്തി—സ്ത്രീത്വത്തെ സാക്ഷിയാക്കി— ഞാൻ പറയുന്നു; അധർമ്മഭീരുത്വം, ധാർമ്മികബോധം, എന്നോടുപദേശിച്ചു: പട്ടിണികിടന്നു മരിച്ചുകൊള്ളുവാൻ.

ഒരു ഹോട്ടലിലെ പാത്രംതേപ്പുജോലിയുണ്ടായിരുന്നതിനാൽ ഒരുനേരത്തെ ആഹാരത്തിനു മുട്ടില്ലായിരുന്നു.

ഇന്നലെയും ഞങ്ങൾ ജയിൽമുറിയുടെ മുൻവശത്തുള്ള റോഡിൽ ചെന്നു. ഇരുമ്പഴികളുള്ളിൽ കിടന്ന അദ്ദേഹം കൈകൊട്ടി ഞങ്ങളെ വിളിച്ചു. എൻെറ കൈയിലിരുന്ന കുഞ്ഞ് ഇരുമ്പഴികൾക്കുള്ളിലേയ്ക്കു പറന്നെത്തുവാൻ വെമ്പൽകൊണ്ടു.

ഞാൻ അവനെ ജെയിലിൻെറ അടുക്കലേക്കു കൊണ്ടുചെന്നു. സ്നേഹസമ്പൂർണ്ണനായ അവൻെറ അച്ഛൻ ഇരുമ്പഴികളുള്ളിൽക്കൂടി കൈകൾ വെളിയിലേക്കു നീട്ടി. അവൻ എൻെറ കൈകളിൽനിന്നു മുകളിലേക്കു കുതിച്ചു. അദ്ദേഹം അവനെ ചുംബിക്കുവാൻവേണ്ടി മുഖത്തോടണച്ചു. പക്ഷെ എന്തുചെയ്യാം. ആ മുഖങ്ങൾ അടുത്തില്ല.

ജയിൽമുറിയുടെ താഴു തുറക്കുന്ന ശബ്ദംകേട്ടു. ആയുധധാരിയായ ഒരു പോലീസുകാരൻ ആ മുറിക്കുള്ളിൽ കടന്നു. അയാൾ എന്നെ നോക്കി പറഞ്ഞ അസഭ്യങ്ങളൊന്നും ഇതിൽ എഴുതുന്നില്ല. അയാൾ എൻെറ ഭർത്താവിൻെറ ചെകിട്ടത്തു് ആഞ്ഞൊരടികൊടുത്തു. അദ്ദേഹം പറഞ്ഞു. "പൊയ്ക്കോളൂ ക്ഷണം"

തിരിഞ്ഞുനിന്നു് അദ്ദേഹം ആ പോലീസുകാരൻെറ പള്ളയ്ക്കു് ഒരു കുത്തുകൊടുത്തു. അയാൾ താഴെ വീണു. ആ പി. സി. വിസിൽ വിളിച്ചു. സ്റ്റേഷൻ ഒന്നാകെ ഇളകി. പിന്നീടു് അവിടെ നടന്ന സംഭവങ്ങൾ ഹൃദയാലുവിനെ നടുക്കുന്നവയായിരുന്നു.

ഒരു "ധർമ്മദൂതൻ" എന്നെയും പിടികൂടി. എന്നെ, ഇൻസ്പെക്ടരുടെ—ചേച്ചിയുടെ ഭർത്താവിൻെറ— മുൻപാകെ ഹാജരാക്കി.

ഞങ്ങൾ ദമ്പതികളാണെന്നുള്ള പരമാർത്ഥം അദ്ദേഹത്തോടു തുറന്നു പറഞ്ഞു. സ്റ്റേഷനിലെ ഫോണിൻെറ ബെല്ലടിച്ചു. എന്നെ വിട്ടയയ്ക്കുവാൻ സിൽബന്ധികളോടു പറഞ്ഞിട്ടു് അദ്ദേഹം എങ്ങോട്ടോ അടിയന്തിരമായി പോയി.

അദ്ദേഹം പറഞ്ഞതുപോലെ അവർ എന്നെ വിട്ടില്ല, നേരം സന്ധ്യകഴിഞ്ഞിരുന്നു...........

* * *

അവരിൽ ഒന്നുരണ്ടുപേർ എന്നോടു പെരുമാറിയ രീതി പൈശാചികമായിരുന്നു. എനിക്കു ബോധം വീണപ്പോൾ അരുണൻെറ ചെങ്കതിരുകൾ രാത്രിയുടെ അന്ധകാരത്തെ നിർമ്മാർജ്ജനം ചെയ്തുകഴിഞ്ഞിരുന്നു. എൻെറ വസ്ത്രം പുതച്ചുകൊണ്ടാണു് തങ്കം കിടന്നുറങ്ങിയിരുന്നതു്. അവനെ ചേച്ചിയുടെ പക്കൽ ഏൽപ്പിക്കുവാനായിട്ടാണു് ഞാൻ ഇവിടെ വന്നതു്. എൻെറ ഭർത്താവു് ഇപ്പോൾ ജീവിച്ചിരിക്കുന്നോ ഇല്ലയോ എന്നു് എനിക്കു നിശ്ചയമില്ല. എന്തായാലും ഞാൻ അദ്ദേഹത്തെ കാണുവാനായി പോകുകയാണു്.

"പ്രതികാരം" ആ നാലക്ഷരം എൻെറ ചെവികളിൽ മുഴങ്ങിക്കൊണ്ടിരിക്കുന്നു. എൻെറ ചാരിത്ര്യത്തിൻെറ പരിപാവനതയിൽ മൃഗീയവികാരത്തിൻെറ ചെളിവാരിയെറിഞ്ഞ ആ മനുഷ്യപ്പിശാചുക്കളെ എനിക്കു കണ്ടാലറിയാം. അവരിൽ ഒരുത്തൻെറ കൈയ്യിലുണ്ടായിരുന്ന കഠാരി എനിക്കു കിട്ടിയിട്ടുണ്ടു്. സത്യത്തിനും ധർമ്മത്തിനുംവേണ്ടി പോരാടുവാൻ അതെന്നെ ആഹ്വാനം ചെയ്യുന്നു. ഇനിയും ആ പിശാചുക്കൾ എന്നെപ്പോലെയുള്ള അബലകളുടെ സ്ത്രീത്വത്തെ ചോദ്യംചെയ്യുവാൻ പാടില്ല. സുനിശ്ചിതചിത്തയായി ഞാൻ മുന്നേറുകയാണു്: അസമത്വത്തോടും അക്രമത്തോടും ധീരധീരം പോരാടുവാൻ. സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം ഇവയ്ക്കുവേണ്ടി ജീവിതാർപ്പണം ചെയ്യുവാൻ ഞാൻ മുൻപോട്ടു പോകുകയാണു്. ഫലമെന്താണെന്നു് എനിക്കു നിശ്ചയമില്ല. കൂടുതലായിട്ടൊന്നും എഴുതുന്നില്ല.

നിങ്ങളോ സൗഭാഗ്യത്തിൻ കാഞ്ചനമണിത്തട്ടിൽ
തിങ്ങിടും മോദംപൂണ്ടു ജീവിതം നയിക്കുന്നു.

*   *   *   *   *   *

"ഭരണം ശരിയല്ല; നേതാക്കൾ മാറീടേണം"
"വരണം സമത്വമാം, സുന്ദരമാകും, ഭാവി."
വായുമണ്ഡലംഭേദിച്ചീടുമാറിതേവിധം
കൈയെടുത്തോങ്ങിച്ചിലരുരയ്ക്കും മുദ്രാവാക്യം
വനരോദനമാണാ പ്രസംഗം; സാധുക്കളെ
കെണിയിൽ ചാടിക്കാനായ് ബുദ്ധിമാൻ ചെയ്യും തന്ത്രം
ഭാവിഭാരതത്തിന്റെ ഭാഗ്യവും ദുർഭാഗ്യവും
മേവിടുന്നതു നിന്നിൽ; വിദ്യാർത്ഥിസഹോദര!
നാട്ടിനും നാട്ടാർക്കും നീനന്മചെയ്യില്ലെന്നാകിൽ
ചുട്ടിടു "സർട്ടിഫിക്കേറ്റ്" ഡിഗ്രികളിവയെല്ലാം.
സാധുസേവനത്തിനായ് നിസ്വാർത്ഥം പ്രവർത്തിക്കൂ!
സ്വപ്നം വിട്ടുണർന്നീടൂ! പ്രസംഗം മതിയാക്കൂ!


THE CHOICE OF

*The Discriminating Sportsmen Lies With*

# Uberoi Limited

**MAKERS OF QUALITY SPORTS GOODS**

**22. Mount Road,**
MADRAS.

**8/23 Avanashi Road,**
COIMBATORE.

## OUR STAFF ON THE STAGE



**Shakespeare's Macbeth (Staged on 10-3-1951)**

**First Row:-**

Rev. Fr. Dismas — *President of the Dramatic Club.*
Mr. P. A. Joseph M. A. — *Stage Director.*
,, C. J. Devassy B. Sc. — *Menteith & Murderer.*
,, M. O. Devassy M. A. — *Murderer.*
,, K. J. John B. A. (Hons.) — *First Witch (Sitting)*
Master V. Suryanarayanan IV Form — *Donalbain (Sitting)*
Mr. C. J. George B. Sc. — *Third Witch (Sitting)*
,, M. V. Varghese M. Sc. — *Doctor.*
,, T. C. Antony B. Sc. — *Lenox and Fleance.*
,, P. I. Paul B. Sc. (Hons.) — *Light arrangement.*
Rev. Fr. Principal.

**Second Row:-**

Mr. M. Induchuda Kurup B. Sc. — *Art direction.*
,, P. M. Joseph B. A., B. Com. — *Caithness.*
,, P. P. Devassy B. A. — *Ross.*
,, N. Noronha M. A. — *Malcolm.*
,, V. K. Subramanian B. Sc. (Hons.) — *Lady Macbeth.*
,, Abraham Kurian M. A. — *Duncan (Sitting)*
,, P. J. Sebastian M. A. — *Macbeth.*
,, K. T. Sebastian B. A. — *Banquo.*
,, V. Ramaswamy B. Sc. — *Old Siward and II Witch.*
,, K. L. Luke B. Sc. — *Macduff.*
,, R. Ganapathikrishnan B. Sc. — *Porter & Seyton.*
,, G. Srinivasan M. Sc.—*Gentlewoman.*
,, K. A. Gopalakrishnan M. Sc. — *Convener & Prompter.*



Macbeth, Lady Macbeth and Duncan

# തേവര കോളേജിൽ "മാക്ബെത്ത്"

ഒരാസ്വാദനം

മാതൃഭാഷയിലും ആംഗലഭാഷയിലും തുല്യമായ സാമർത്ഥ്യത്തോടുകൂടി അഭിനയിക്കുവാൻ കെല്പുള്ള പല അനുഗൃഹീതനടന്മാരും ഇന്നത്തെ തേവര കോളെജ് വിദ്യാർത്ഥികളുടെ കൂട്ടത്തിൽ ഉണ്ടെന്നുള്ള വസ്തുത ഒന്നിൽകൂടുതൽ അവസരങ്ങളിൽ മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

കഴിഞ്ഞ ശനിയാഴ്ച കോളെജ് ഹാളിൽവെച്ച് അവിടത്തെ അദ്ധ്യാപകന്മാർ "മാക്ബെത്ത്" എന്ന സുപ്രസിദ്ധ ഷെയ്ക്സ്പീറിയൻ നാടകം അഭിനയിക്കുകയുണ്ടായി. രംഗത്തിനനുസൃതമായ പശ്ചാത്തലം സൃഷ്ടിക്കുന്നതിനു നാടകവേദിക്ക് സിനിമയെ അപേക്ഷിച്ചു വളരെ അധികം പരിമിതികൾ ഉണ്ട്. എങ്കിലും ഭയാനകമായ ഒരു വനഭൂമി, അവിടെ ചൂളംവിളിച്ചുകൊണ്ടു ഇരച്ചുവീശുന്ന കൊടുങ്കാററ്, പൂർണ്ണാന്ധകാരത്തിന്റെ അഗാധതയിൽനിന്നും പുറപ്പെടുന്നതും മനുഷ്യഹൃദയങ്ങളെ ഭയചകിതമാക്കുവാൻ പര്യാപ്തവുമായ മിന്നൽപിണർകളും ഇടിനാദവും—ഇത്രയും ഒരു മാന്ത്രികശക്തിയുടെ അതിവിദഗ്ദ്ധമായ പ്രവർത്തനത്താൽ എന്നവണ്ണം രംഗത്തു പ്രദർശിപ്പിച്ചപ്പോൾ "അന്ധകാരത്തിന്റെ ശക്തികൾ" ഭൂമിയിൽ വിഹാരത്തിനായി ഇറങ്ങുന്ന സമയം ഇതുതന്നെയല്ലയോ എന്ന് പ്രേക്ഷകർക്ക് തോന്നിപ്പോയി. അവരുടെ സംശയം അസ്ഥാനത്തല്ലായിരുന്നു. കാരണം മാക്ബെത്തിനേയും ബാങ്കോവിനേയും തങ്ങളുടെ പ്രവചനങ്ങൾകൊണ്ടു "അനുഗ്രഹിക്കു"വാനായി ഭൂമിയിലേക്കു പുറപ്പെട്ട മൂന്നു ദുർഭൂതങ്ങളുടെ പ്രവേശനത്തിനുള്ള പശ്ചാത്തലം സൃഷ്ടിച്ചതായിരുന്നു അതു്. ആ രംഗം അവസാനിച്ച് ഏതാനും നിമിഷങ്ങൾ കഴിഞ്ഞപ്പോൾ പ്രേക്ഷകർ ദർശിച്ചതു് പ്രഭാപൂരിതമായ രാജകൊട്ടാരവും, അവിടെ വിലപിടിച്ച വീരാളിപ്പട്ട് വസ്ത്രഭൂഷാദികളോടുകൂടിയ പ്രഭുക്കന്മാരാൽ പരിസേവിതനായി പ്രത്യക്ഷപ്പെട്ട ഡങ്കൻ മഹാരാജാവിനെയുമാണ്. രംഗസംവിധാനത്തിൽ പ്രകടിപ്പിക്കപ്പെട്ട തന്മയത്വത്തെക്കുറിച്ച് എത്രമാത്രം പ്രശംസിച്ചാലും മതിയാവുന്നതല്ല.

പക്ഷെ ഒരു നാടകത്തിന്റെ വിജയം സമർത്ഥമായ രംഗസംവിധാനത്തെക്കാൾ നടന്മാരുടെ അഭിനയചാതുര്യത്തിലാണല്ലൊ സ്ഥിതിചെയ്യുന്നതു്. മാക്ബെത്തുമുതൽ പരിചാരകൻ വരെയുള്ള എല്ലാ കഥാപാത്രങ്ങളും കോളെജ് അദ്ധ്യാപകന്മാർ തന്നെയായിരുന്നുവെന്നാണ് അറിയുന്നതു്. അവർ ഓരോരുത്തരും അവരവരുടെ ഭാഗങ്ങൾ ഏററവും തന്മയത്വത്തോടെ തന്നെ അഭിനയിച്ചു. ലേഡി മാക്ബെത്തിന്റെ ഭാഗം അഭിനയിച്ച ശ്രീ. വി. കെ. സുബ്രഹ്മണ്യം ബി. എസ് സി. ഓണേഴ്സിന്റെ അഭിനയപാടവം ഏററവും പ്രശംസനീയമാണ്. അതുപോലെതന്നെ മാക്ബെത്തിന്റെ ഭാഗം അഭിനയിച്ച ശ്രീ. പി. ജെ. സെബാസ്റ്റ്യൻ എം. എ.യുടേയും.

ഇംഗ്ലീഷ് നാടകങ്ങൾ നമ്മുടെ കലാലയങ്ങളിൽ അഭിനയിക്കുമ്പോൾ സാധാരണ കാണാറുള്ള ഒരു കുറവത്രെ കഥാപാത്രങ്ങളുടെ വേഷവിധാനത്തിലുള്ള പോരായ്മ. എന്നാൽ ഈ നാടകത്തിൽ ഡങ്കൻരാജാവ്, മാക്ബെത്ത്, ലേഡിമാക്ബെത്ത് തുടങ്ങി ഘാതകന്മാർവരെയുള്ള ഓരോ കഥാപാത്രത്തെയും അവരവർക്ക് ഉചിതമായ വേഷവിധാനത്തോടുകൂടിയത്രെ ഞങ്ങൾ രംഗത്തു കണ്ടതു്. അണിഞ്ഞൊരുങ്ങി ഒരു മഹാറാണിയായി രംഗത്തുവന്ന ലേഡീമാക്ബെത്തിനെ കണ്ടപ്പോൾ സ്കോട്ട്ലണ്ടിലെ മേരിമഹാറാണിയുടെ ചിത്രമത്രെ ഈ ലേഖകന്റെ സ്മൃതിപഥത്തിൽ വന്നതു്.

ഇങ്ങനെ സേക്രട്ട് ഹാർട്ട് കോളെജിൽ അവിടത്തെ അദ്ധ്യാപകവൃന്ദത്താൽ അഭിനയിക്കപ്പെട്ട "മാക്ബെത്ത്" മലയാളക്കരയിലെ ഇംഗ്ലീഷ് നാടകാഭിനയചരിത്രത്തിൽ പുരോഗതിയെക്കുറിക്കുന്ന ഒരു പുതിയ അദ്ധ്യായം തുറന്നിരിക്കുന്നു. അഭിനയകലയിൽ ഇത്ര സമർത്ഥരായ അദ്ധ്യാപകന്മാരുടെ ശിക്ഷണം ലഭിക്കുന്ന അവിടത്തെ വിദ്യാർത്ഥികൾ ഉത്തമനടന്മാരും, നിർമ്മലമായ കലാസാധനത്തിന് കഴിവുള്ളവരും ആയി തീരുമെന്നുള്ളതു് നിസ്സംശയമാണ്.

"മലബാർ മെയിൽ"
*15th March 1951.*

**NOW AVAILABLE!**



**No. 429.**

**MERIDIAN LADYSMITH**

$8\frac{3}{4}$ size full steel
17 Jewels, all-proof
with steel chain Rs. 172/=

**KRISHNAN NAIR'S**

**WATCH Co.,**

ERNAKULAM
&
QUILON.

**COLLEGES!**

**SCIENTIFIC INSTITUTES!**

**FOR BEST RESULT**

PURE LABORATORY
CHEMICALS & RE-AGENTS

CONTACT

**S. Mathuradas & Co.**

IMPORTERS OF

Laboratory Chemicals, Re-agents,
Pharmaceutical Drugs & Chemicals,
Stains, & Photographic Chemicals.

**P. O Box No. 2113.**

PRINCESS STREET

**BOMBAY—2.**

Gram: **SMATHURCO** Phone: **30273**

# പണത്തിൻെറ പിമ്പേ

*— Abraham Puthusserry I U.C.*

ജീവിക്കുവാൻവേണ്ടി പലതൊഴിലുകളും സ്വീകരിച്ചു പരാജിതനായ ഔസേപ്പുചേട്ടൻ പരിമിതമായ കൂലിക്കു മറെറാരുത്തൻെറ കീഴിൽ ജോലിചെയ്യുവാൻ ഇഷ്ടപ്പെട്ടില്ല. സമ്പാദിക്കുവാൻ സ്വതന്ത്രമായ ഒരു തൊഴിൽ, ആവശ്യമാണെന്ന് ഔസേപ്പുചേട്ടൻെറ ലോകവ്യുല്പത്തി ബോധ്യമാക്കി. പല തൊഴിലും ചെയ്തെങ്കിലും ഇതേവരെ അയാൾക്കു സമ്പാദിക്കുവാൻ സാധിച്ചിട്ടില്ല. ഒരു ദിവസം സുഖക്കേടായിപ്പോയാൽ അന്നത്തേക്കുവേണ്ടിയും അയാൾ സമ്പാദിക്കേണ്ടതല്ലേ? അതൊരു നിസ്സാരപ്രശ്നമാണോ? ചെറിയ പെട്ടി, കസേര, മേശമുതലായി പലതും പണിതു്, അയാൾ വിററുനോക്കി: പക്ഷേ അതുകൊണ്ടൊന്നും ഗണ്യമായ സംഖ്യ സമ്പാദിക്കുവാൻ കഴിഞ്ഞില്ല.



ഒരു ദിവസം ഔസേപ്പുചേട്ടൻ എന്തോ ഗൗരവമായി ആലോചിച്ചുകൊണ്ടിരിക്കുകയായിരുന്നു. എന്തായാലും ഭാര്യയോടും ഒന്നാലോചിച്ചാലേ അയാൾക്കു തൃപ്തിയുള്ളൂ. "എടീ!" ഔസേപ്പുചേട്ടൻ ഭാര്യയെ വിളിച്ചു. സമീപസ്ഥിതയായിരുന്ന ഏലി ചിരിച്ചുപോയി. "നിങ്ങാ എന്നാ ഇത്ര ആലോചിക്കണോ— എപ്പഴും ഈ വിചാരംപിടിച്ചു മാനത്തോട്ടു നോക്കിയിരുന്നാ...." അവൾ അർദ്ധോക്തിയിൽ വിരമിച്ചു. ഔസേപ്പുചേട്ടനു ശുണ്ഠിവന്നു. "നീ പോടീ. പെണ്ണുങ്ങൾ പെണ്ണുങ്ങടെ കാര്യം നോക്ക്. നിനക്കു ഞാൻ വല്ലതും കൊണ്ടുവന്നാത്തിന്നാനറിയാം. നിനക്കു വല്ലതും അറിയാമോ, ലോകം എങ്ങനെയാണെന്ന്? അങ്ങേതിലേ— ആ ഓടിട്ടവീടില്ലേ, അയാളൊരുകാലത്തു രക്ഷാവലിച്ചിരുന്നവനാ. ഇന്നവൻ എങ്ങനാ. നിനക്കു തിന്നാനല്ലാതെ അറിയാമോ? എന്തിനു കൊള്ളാം. നിന്നെ" ഏലി പിന്നെയൊന്നും പറഞ്ഞില്ല. അവൾ, അപ്പുറത്തേക്കു പോയി.

താൻ ഭാസുരമായ ഭാവിയുടെ വിശാലതലത്തിൽ സ്വൈരവിഹാരം ചെയ്യുന്നതായി അയാൾക്കു തോന്നി. നല്ലൊരു വീട്, നെടുതായ വളപ്പ്! അതിലെ വിഭവസമൃദ്ധി ഭാവനയിൽ കണ്ട്, അയാൾ പുഞ്ചിരിതൂകി. അയാൾക്കുറങ്ങുവാൻ കഴിഞ്ഞില്ല. പുതിയ ജോലിക്കുവേണ്ടുന്ന സാമഗ്രികളെപ്പററി ഒരു രാജ്യതന്ത്രജ്ഞനേക്കാളും തീവ്രമായി അയാൾ ആലോചിച്ചു. സഹിക്കണം—എന്തും സഹിക്കണം! ഔസേപ്പുചേട്ടൻ ദൃഢനിശ്ചയം ചെയ്തു.

അയാൾ പിന്നെ ഒരു ശവപ്പെട്ടിപണിക്കാരനായി. ആ നാട്ടിൽ കാലൻെറ ആക്രമണം അയാൾക്കനുകൂലമായിരുന്നു. ദിവസം ഒരാളെങ്കിലും ഔസേപ്പുചേട്ടൻെറ പെട്ടിക്കു പണം വയ്ക്കാതിരിക്കയില്ല. ഒന്നുപോയാൽ രണ്ടു തീന്നാലേ അയാൾക്കു സമാധാനമുള്ളൂ. അയൽവക്കത്തുകാർക്ക് അയാളുടെ സ്വഭാവം അത്ര ഇഷ്ടമല്ല. തൊട്ടതിനെല്ലാം അയാൾ ശുണ്ഠികൂട്ടും. അയാളുടെ ശവപ്പെട്ടിക്കമ്പനിയിലെ ധിറുതികണ്ടാൽ നാട്ടുകാരെല്ലാവരും ഒന്നിച്ചുമരിക്കാൻ കിടക്കുന്നതുപോലെ തോന്നും. മറുനാട്ടുകാരും അയാളെ അറിഞ്ഞുതുടങ്ങി. ഒരു പെട്ടി പൂർത്തിയാകുന്നതിനുമുമ്പ് ഒരാൾ മരിച്ചാൽ വലിയ ഒരു നഷ്ടം തന്നെയാണ് ഔസേപ്പുചേട്ടനു്. കാത്താവെ! അനുഗ്രഹിക്കണമേ, ഈ പെട്ടി തന്നെ അവർക്കു പിടിക്കണമെ! അയാൾ അന്നു കൈയെടുത്തു പ്രാർത്ഥിച്ചു. അയാൾ പണിയിൽ കൂട്ടി

ന്ന് ഒരാളെ ചേർത്തു.

കരപ്രമാണിക്കു സുഖക്കേടു കൂടുതലാണെന്നറിഞ്ഞപ്പോൾ തുടങ്ങിയ ധിറുതിയാണ്. ഔസേപ്പുചേട്ടനെ വെല്ലുവിളിക്കുന്നവരാരും അവിടെയുണ്ടായിരുന്നില്ല. കരപ്രമാണി മരിച്ചു. അന്ന് ഔസേപ്പുചേട്ടൻ അല്പം കൂടുതൽ കുടിച്ചു. ഭാര്യയ്ക്കുംകൂടി ഒരു കുപ്പി വാങ്ങിച്ചുകൊണ്ടു പോന്നു.

അയാൾ വിവാഹം കഴിച്ചിട്ടു മുപ്പതുകൊല്ലമായി. അയൽവക്കത്തു കുട്ടികൾ കളിക്കുന്നതു കാണുമ്പോൾ അയാളുടെ ഉള്ളിൽ ഒരു കത്തൽ. എന്തുകൊണ്ട് ഒരു കുഞ്ഞുകാലു കാണുവാൻ തന്നെയും അനുഗ്രഹിച്ചില്ല വിധി!

അക്കൊല്ലം ആകപ്പാടെ സുഭിക്ഷമായിരുന്നെന്നു പറയാം. എന്നാൽ ബലമായെത്തിയ സുഖക്കേടുകളെയെല്ലാം, ശവപ്പെട്ടിപ്പണിക്കാരുടെ വിരോധികളായ ഭിഷക്കുകൾ അടിച്ചോടിച്ചു. ഡോക്ടറന്മാരും ശവപ്പെട്ടിപ്പണിക്കാരും തമ്മിൽ ഒരൊത്തുതീർപ്പിലെത്താതെ കാലം അതിക്രമിച്ചു എന്ന്, ഔസേപ്പുചേട്ടൻ വിചാരിച്ചു. രണ്ടോ മൂന്നോ ആഴ്ചകഴിയുമ്പോൾമാത്രം ഒരു പെട്ടി! അയാളുടെ സമ്പാദ്യത്തിനു വലിയ ഇടിവു തട്ടി. നാലെണ്ണം തുലഞ്ഞെങ്കിൽ! —അയാൾ ആശിച്ചു.

വർഷം ഭയങ്കരമായി ആരംഭിച്ചു. വെള്ളപ്പൊക്കം, കൃഷിനാശം, പുരമറിയൽ, സുഖക്കേട്, പട്ടിണി. അതെല്ലാം ആ കൊല്ലത്തിന്റെ ഒരു പ്രത്യേകതയായിരുന്നു.

ഔസേപ്പുചേട്ടന്റെ സമ്പാദ്യം വർദ്ധിച്ചുതുടങ്ങി. ദിവസം ഒന്നുരണ്ടു പെട്ടിയെങ്കിലും ചെലവാകും. അയാൾ രണ്ടുമൂന്നു പെട്ടിയെങ്കിലും ദിവസേന തീർക്കും. നാലുകഷണം പലകയെടുത്ത് ആണികൊണ്ടൊരടി! കഴിഞ്ഞു, പെട്ടിപണി. ഭക്ഷണം പാകംചെയ്യാൻപോലും സമയമില്ലാതെ അയാളുടെ ഭാര്യ കടലാസൊട്ടിക്കും, ചുരുങ്ങിയതു പത്തുരൂപ പെട്ടിയൊന്നിനു അയാൾ വാങ്ങും.

ഗ്രാമം മുഴുവനും ഇളകിമറിഞ്ഞു. ഒന്നു രണ്ടു ഛർദ്ദിക്കും, ഉരുണ്ടുവീഴും മരിക്കും; കോളറ. ഔസേപ്പുചേട്ടന്റെ മനസ്സിന്നൊരിളക്കം. എവിടെയാ പണം സൂക്ഷിക്കേണ്ടതെന്ന്.

അയാൾ തന്റെ പണക്കിഴി നിലത്തു ചൊരിഞ്ഞു. ഓരോ ഇനത്തിലുള്ള നോട്ടുകൾ മാറ്റിവച്ചു. അയാൾ നാകലോകത്തേയ്ക്കുയന്നു. 'എന്തോരമുണ്ട്?' ഭാര്യ ചോദിച്ചു.

"അറുന്നൂറും അയ്മ്പത്തു രൂപയും."

"എന്നാൽ പെട്ടിപണി നിർത്താൻ പാടില്ലേ? ഭാര്യ ചോദിച്ചു. അയാൾ ഒന്നും പറഞ്ഞില്ല. പണമെല്ലാം വാരി പേടകത്തിലാക്കി.

"ഔസേപ്പു ചേട്ടോ;" അയൽപക്കത്തുകാരന്റെ മകന്റെ സ്വരമാണ്; അയാൾക്കു മനസ്സിലായി.

"എന്താടാ ഈ രാത്രി"

അല്ല ചേട്ടാ– ഒരെട്ടണ. അപ്പനു കോളറ. മരുന്നുമേടിക്കാൻ—" അവൻ ഒററശ്വാസത്തിൽ പറഞ്ഞുതീർത്തു.

ഔസേപ്പുചേട്ടൻ ആലോചിച്ചു; എട്ടണ പോയാൽ? ഇല്ല അതു പാടില്ല. ശരിക്കു കഞ്ഞിക്കൂടി കുടിക്കാതെയുണ്ടാക്കിയ പണം! "ഇവിടെക്കാശൊന്നും കിടപ്പില്ല" അയാൾ പറഞ്ഞു. "വേറെയെവിടെനിന്നെങ്കിലും മേടിക്ക്." അവൻ പോയി.

ഒരു പ്രഭാതം: ഔസേപ്പുചേട്ടന്റെ ഭാര്യയ്ക്ക് ഒരു വയറവേദന. അയാൾ ആകപ്പാടെ ഒന്നു പകച്ചു. കർത്താവേ, ഏലിക്കു യാതൊന്നും വരുത്തല്ലേ, അയാൾ പ്രാർത്ഥിച്ചു. ഏലിയുടെ വയറവേദന വർദ്ധിച്ചതേയുള്ളൂ. അവൾ രക്തമയം ഛർദ്ദിച്ചു. നാലഞ്ചുപ്രാവശ്യം വയറിളകി. അയാൾ മടിശ്ശീലയിൽനിന്ന് എട്ടണയെടുത്ത് ആശുപത്രിയിലേക്ക് ഓടി, എന്തെല്ലാമോ പറഞ്ഞു മരുന്നുവാങ്ങി നടന്നും ഓടിയും തിരിച്ചെത്തി.

ഭാര്യകിടന്നു പുളയുകയാണ്. ആരും സഹായത്തിനില്ല. ഈ മരുന്നു ചെല്ലുമ്പോൾ എല്ലാം തീരും—അയാൾ ആശ്വസിച്ചു. മരുന്ന് അയാൾ അവളുടെ വായിൽ ഒഴിച്ചു. അവളുടെ കാൽ തിരുമ്മി. കാൽ കടഞ്ഞൊരു ചവിട്ട്.

അയാൾ ബോധംകെട്ടു വീണുപോയി. അതയാളുടെ ചെന്നിക്കുതന്നെകൊണ്ടു—ആ ചവിട്ട്.

അയാൾ കണ്ണു തുറന്നു. എന്തോ ഒരു ഭാരം തോന്നി, എഴുന്നേല്ക്കുവാൻ നോക്കി. സാധിച്ചില്ല. ഒരു ശരീരം അയാളുടെ മീതെ. അതെ തള്ളിമാറ്റി, അയാൾ എഴുന്നേറ്റു.

അയാൾ ഭാര്യയുടെ മൃതശരീരം ഒരു പെട്ടിയിലാക്കി. കൊണ്ടുപോകുവാൻ ആളില്ല. ഒടുക്കം പത്തുരൂപാ കരാറിൽ ഒരാളെ കിട്ടി. ഔസേപ്പുട്ടനും അയാളുംകൂടി ആ മൃതശരീരം ശ്മശാനത്തിൽ കൊണ്ടുപോയി മറവുചെയ്തു. അന്നു രാത്രി തനിച്ചു കഴിച്ചുകൂട്ടുവാൻ അയാൾ ഭയപ്പെട്ടു. എങ്കിലും പണപ്പെട്ടി തുറന്നുവച്ച് എണ്ണുവാൻ തുടങ്ങി.

ഔസേപ്പുട്ടനു വല്ലാത്ത ദാഹം. അയാൾ കുറെ വെള്ളം കുടിച്ചു; പണത്തിന്റെ മീതെ ഛർദ്ദിച്ചു. ഒരു മങ്ങിയ ദീപം ഒരു മൂലയിൽ കത്തുന്നുണ്ടായിരുന്നു. അതിലെ മണ്ണെണ്ണ വറ്റി. അല്പം എണ്ണ ഒഴിക്കുവാൻ അയാൾക്കു സാധിച്ചില്ല.

ആ മങ്ങിയ ദീപം അണഞ്ഞു. ഔസേപ്പുട്ടനു കോളറ. അയാൾ ഉച്ചത്തിൽ വിളിച്ചു. ആരുമില്ല വരാൻ. അങ്ങനെ ആ രോദനം നിലച്ചു.

ഏതോ കൂട്ടിൽനിന്നു പാതിരാക്കോഴി കൂകി.


# FREE INDIA BANK LIMITED

**KOTTAYAM.**

**Registered in the Travancore-Cochin State**

( LIABILITY OF MEMBERS LIMITED )

**Branches in Travancore and Agencies Outside**

Directorate Hundred Percent Catholics.

**ATTRACTIVE RATES of interest for deposits.**

6% INTEREST FOR 3 YEARS CASH CERTIFICATES.

Being favoured and patronised by eminent persons of the status of Ministers, Bishops, Members of Parliament, High Court Judges, etc.

*FIXED DEPOSITS:-* For 6 months 4 per cent per annum
For 12 months 4½ " " "
For 24 months 5 " " "
For 36 months 5½ " " "
For 60 months 6 " " "

*For Further particulars, please apply to:-* SECRETARY,

**Free India Bank Ltd., Kottayam.**

# ആമന്ത്രണം

— *Chacko J. Kallukalam I U.C.*



അശ്രുക്കളൂറാതെറിയൂ—ഭാണ്ഡം,
  വേഗം ഗമിക്കാം നമുക്ക്.
നിൽക്കേണ്ട രഥ്യയിലിങ്ങു—പോയി
  നിത്യാനന്ദത്തിൽ വസിക്കാം.
ഒററ നിമിഷം കഴിഞ്ഞാൽ—നമു
  ക്കെത്രയും കൂട്ടമായാസം.
പൂകാം നമുക്കതിവേഗം—ഭംഗി
  പെയ്യുന്ന രാജ്യമവിടം.
അപ്സരർ നമ്മെപ്പുകഴ്ത്തും—പക്ഷേ
  നിത്യമതാണപ്പൂവാടി.
പിൻതിരിയേണ്ടതിന്നൊട്ടും—നീളെ
  കണ്ടാൽ മതിവരികില്ല.

* * * *

അമ്മതന്നങ്കത്തിലെത്ര—നാൾ നീ
  പുഞ്ചിരിതൂകിയിരിക്കും?
തപ്തനിശ്വാസമുതിക്കും—സതാ
  മെത്ര നിൻ മുന്നിൽ കുതിക്കും?
നിത്യതമസ്സിൻെറ ഭാരം—നിന്നെ
  ഞെക്കിപ്പിടിച്ചു കൊല്ലില്ലേ?
ഒളിക്കും പുഞ്ചിരി മുന്നിൽ—നിത്യ
  കാപട്യമാർന്നതിൻ പിന്നിൽ.
വക്ത്രത്തിൽ നിന്നാസുഷമ—വെക്കം
  മൂടേററുരുകി മറയും.
ഒന്നോടേ വിത്തഗണങ്ങൾ—മായും
  കാലം കറങ്ങിക്കഴിയെ.

ഇന്നു ശ്രവിക്കും സ്വനങ്ങൾ—വെറും
  ഭംഗിവാക്കാണു, ധരിക്കൂ!
വഞ്ചനതിങ്ങുമീപ്പാരിൽ—നിന്നു
  മൽ സഖീ വേഗം പിരിയാം.

* * * *

ആർത്തുരസിക്കാമവിടെ—പ്രേമ
  സാന്ദ്രമാം രാജ്യമവിടെ.
ഒന്നിച്ചു കൈകോർത്തു പോകാം—പ്രേമ
  ഗാനമധു നുകർന്നീടാം.
മിന്നിത്തിളങ്ങുമുഡുക്കൾ—നീല
  വാനിൽ വിളക്കു കൊളുത്തും.
വീഥിതെററില്ല നമുക്കു—സ്നേഹ
  നായകൻ നമ്മെ നയിക്കും.
തളരാതിളക്കണം പാദം—പക്ഷേ
  മാർഗ്ഗക്ലമങ്ങളുമുണ്ടാം.
പച്ചവിരിച്ചോരാക്കുന്നിൽ—പോയി
  ഓമലേ നമ്മൾക്കിരിക്കാം.
ചിൽപ്രഭ തട്ടിവിരിഞ്ഞു—നില്ക്കും
  സൂനമാംശംസകളോത്തും
കൊഞ്ചിക്കുഴഞ്ഞാടിയെത്തും—മന്ദ
  മാരുതൻ നൽകും കുളിർമ.
എന്തുവന്നെന്നാലുരയ്ക്കാം—നമ്മേ
  ആരും ദുഷിക്കുകയില്ല.
കൊച്ചരിപ്രാക്കൾ, കിളികൾ—സദാ
  പാർശ്വത്തിലെത്തി സേവിക്കും
പൂഞ്ചോലതൻെറ കരയിൽ—ചെന്നു
  മഞ്ജുളഗാനം ശ്രവിക്കാം.
തളിരും കനികളും തിങ്ങും—രമ്യ
  പൂങ്കാവനത്തിലിരിക്കാം.
വള്ളിക്കുടിലിലൊളിക്കാം—വെള്ളി
  വല്ലികളൊത്തുരമിക്കാം.
പുഞ്ചിരിതൂകുമുഷസ്സും—വീക്ഷി
  ച്ചങ്ങവിടത്തന്നെ പാർക്കാം
അശ്രുക്കളൂറാതെറിയൂ—ഭാണ്ഡം,
  വേഗം ഗമിക്കാം നമുക്ക്.

# ഖഡ്ഗത്തിനേക്കാൾ ശക്തം

— *Abraham J. Illickan, II U. C.*

ആ സുദിനം!! അതെത്ര പ്രകീർത്തിതം! അടിമത്തച്ചങ്ങല വെട്ടിപ്പൊട്ടിച്ച ആ പൊൻപുലരി! മർദ്ദനഭരണം ത്യാജ്യകോടിയിൽ തള്ളിയിടപ്പെട്ട ആ സുപ്രഭാതം! പരസ്പരാദർശങ്ങൾ ഏററം മേന്മയേറിയവയെന്നു ലോകം കണ്ടറിഞ്ഞ ആ പ്രത്യൂഷസ്! ഏഷ്യൻ ജനതയെ തലയുയർത്തിനില്പാൻ പ്രാപ്തരാക്കിയ ആ സുമോഹനാഗമ്മുഖം! നാരകീയ യാതനയിലും നിരാശാഗർത്തത്തിലും നിപതിച്ചിരുന്ന തൊഴിലാളി സഹോദരങ്ങൾ പ്രത്യാശാകിരണങ്ങൾ വീക്ഷിപ്പാനിടവരുത്തിയ ആ ശുഭവിഭാതം!



"ഖഡ്ഗത്തിനല്ല, പ്രേമത്തിനു മാത്രമേ ഈ ജഗത്തെ ജയിപ്പാൻ ശക്തിയുള്ളൂ" എന്നുള്ള ദിവ്യസന്ദേശം വീണ്ടും പാരിടമാകെ ദ്യോതിപ്പിച്ച ആ സുവർണ്ണഗോസർഗ്ഗം! ആർഷഭാരതത്തിൽ സംസ്കാരം പുനർജ്ജീവിപ്പിപ്പാൻ ഉടലെടുത്ത പൊന്നോമനവൃക്ഷം! ഭാരതാംബ ഐശ്വര്യത്തിലേക്കു കാലടിവെപ്പാൻ പ്രാപ്തയായ ആ തങ്കക്കാല്യം! ആ സുമോഹനസുപ്രഭാതം എന്നും വിജയിപ്പൂതാക!!

ഭാരതമൊട്ടുക്ക്, സകല നഗരങ്ങളിലും സകല ഗ്രാമങ്ങളിലും അശോകചക്രാങ്കിതമായ ആ ത്രിവർണ്ണപതാക, സഹനത്തിന്റെയും, അക്രമരാഹിത്യത്തിന്റേയും, സർവ്വസാഹോദര്യത്തിന്റേയും, ആർഷസംസ്കാരത്തിന്റേയും മഹനീയ അടയാളങ്ങളുടെ സമ്പൂർണ്ണ പ്രതിഫലനമായ ആ കൊടിക്കൂറ, പാറിപ്പറന്നു പരിലസിക്കുന്നു; സ്വപ്രാഭവം ഉച്ചൈസ്തരം വിളിച്ചുപറയുന്നു!, ആ കാഴ്ച എത്ര നയനാഭിരാമം! എത്ര ഹൃദയാവർജ്ജകം!

തെരുവിലെ യാചകൻതൊട്ടു കൊട്ടാരത്തിലെ ദാസിവരെയും, സമത്വവാദിതൊട്ടു സ്ഥാപിത താല്പര്യക്കാർവരെയും, ജീവനക്കൂലി ലഭിക്കാത്ത കർഷകതൊഴിലാളി മുതൽ സുഖലോലുപനായ മുതലാളിവരെയും, അങ്ങനെ ഭരണീയർ തുടങ്ങി ഭരണകർത്താക്കൾവരെയും കോടാനുകോടികൾ ഏകോപിച്ചു തോളോടുതോൾ ചേർന്നു തങ്ങളുടെ അനേകമനേകം ശുഭപ്രതീക്ഷകൾ സാഫല്യത്തിലെത്തിക്കേണ്ട ആ ഭാരതാംബയെ ഹർഷചിത്തയാക്കുവാൻ വെമ്പൽകൊള്ളുകയാണ്.

രണ്ടുമൂന്നു നൂററാണ്ടുകൾക്കു മുമ്പ് സ്വകുടുംബത്തിലുണ്ടായ അന്തഃച്ഛിദ്രം ഹേതുവായി, ഇന്ത്യയിൽ വിദേശാധിപത്യം സംസ്ഥാപിതമായ ആ ദുർദ്ദിനം തൊട്ടുതന്നെ, മർദ്ദനത്തിന്റെയും ചൂഷണത്തിന്റെയും, സ്വേച്ഛാധിപത്യത്തിന്റെയും, കരാളഹസ്തങ്ങളിൽ കുടുങ്ങി, വീർപ്പുമുട്ടിയിരുന്ന, നരകയാതനകളനുഭവിച്ചിരുന്ന, സ്വപുത്രീപുത്രരുടെ ചുടുകണ്ണീർകണങ്ങളാലും ഹൃദയരക്തത്താലും തുടരെത്തുടരെ മാർവ്വിടം നനഞ്ഞുകൊണ്ടിരുന്ന, അത്യധികമായ ചിദ്വ്യഥയാൽ ശോകാത്മകത്വമൂർത്തീകരണത്തിലെത്തിയിരുന്ന, ഭാരതമാതാവിനെ സ്വതന്ത്രയാക്കിയ ശേഷമെ തങ്ങൾ പിന്മാറു എന്നു ദൃഢവ്രതം ചെയ്തുകൊണ്ടു് പ്രഭുകുടുംബജാതരും, സർവ്വസദ്ഗുണസമ്പന്നരും, വിദ്യാവിശാരദരുമായിരുന്ന പല ഭാരതമഹാത്മാക്കളും, ജാതിമതചിന്തകൾക്കതീതമായ, സർവ്വസമുദായമൈത്രിയെ സംസിദ്ധമാക്കുന്ന, ആംഗ്ലേയനായ ഹ്യൂമിനാൽ മുമ്പുതന്നെ സംസ്ഥാപിതമായിരുന്ന, ആ ദേശീയസംഘടനയിൽ അംഗത്വം സ്വീകരിച്ചു.

സ്വാതന്ത്ര്യേച്ഛുക്കളായിരുന്ന അനേകം യുവകേസരികൾ സഹനസമരത്തിനുവേണ്ടി മുറവിളികൂട്ടി; നേതാക്കൾ സംഘടനയുടെ നിയമങ്ങളിൽനിന്ന് അണുപോലും വ്യതിചലിക്കാതെ പ്രവർത്തനമാരംഭിച്ചു; അവർ നഗരഗ്രാമഭേദമെന്യേ ചുററിസ്സഞ്ചരിച്ചു, കോൺഗ്രസ്സിന്റെ പിന്നിൽ അണിനിരക്കുവാൻ ഭാരതീയജനതയെ ആഹ്വാനംചെയ്തു: ജനത ആ ആഹ്വാനം സ്വീകരിച്ചു. കോൺഗ്രസ്സിനെ നശിപ്പിക്കുവാൻ സർക്കാർ ഭഗീരഥപ്രയത്നം ചെയ്തു. നേതാക്കൾ ഒന്നിനുപിറകെ ഒന്നായി കാരാഗാരത്തിൽ അടയ്ക്കപ്പെട്ടു.

നിയമലംഘനം നാട്ടിനീളെ ആരംഭിച്ചു. ഭരണാധികാരികൾ കിരാതമർദ്ദനം അഴിച്ചുവിട്ടു തന്മൂലം രാഷ്ട്രീയകോളിളക്കം അങ്ങിങ്ങായി മൊട്ടിട്ടു; അസമാധാനം സർവ്വത്ര വികസിച്ചു; രാഷ്ട്രീയനേതാക്കന്മാർ സ്വാതന്ത്ര്യതൃഷ്ണയാകുന്ന തീയിൽ നെയ്യൊഴിച്ചു; അതാളിക്കത്തി സർവ്വത്ര പ്രസരിച്ചു; മർദ്ദനകാഠിന്യത്താൽ അനേകസഹസ്രങ്ങൾ മൃത്യുവിന്നിരയായി. ഗവ. മന്ദിരങ്ങളും, ഉദ്യോഗസ്ഥമണ്ഡലവും ജനക്ഷോഭത്തിനു വിധേയമായി; ജനത ഒന്നാകെ ഇളകി; ഗവണ്മെന്റ ചതുരുപായങ്ങൾ പ്രയോഗിച്ചെങ്കിലും സ്വാതന്ത്ര്യംകൂടാതെ തങ്ങൾ അടങ്ങുകയില്ലെന്നു സംഘടന പെരുമ്പറമുഴക്കി. കിരാതമർദ്ദനം അതിന്റെ പാരമ്യത്തിലെത്തിയിരിക്കയിൽ, ആഗോളസമരവും പൊട്ടിപ്പുറപ്പെട്ടു. ഭരണാധികാരികൾ ഭാരതജനതയുടെ സഹായം അഭ്യർത്ഥിച്ചെങ്കിലും കോൺഗ്രസ്, അതു നല്കേണ്ടതില്ലെന്നുതന്നെ നിശ്ചയംചെയ്തു. മഹായുദ്ധാനന്തരം ഇന്ത്യയ്ക്കു സ്വാതന്ത്ര്യം തരുന്നതാണെന്നു ഇന്ത്യൻ ഭരണാധികാരികളും, ലോയ്ഡ് ജോർജ്ജിന്റെ കീഴിലിരുന്ന ബ്രിട്ടീഷ് ഗവണ്മെന്റും ആവർത്തിച്ചാവർത്തിച്ചു പ്രതിജ്ഞചെയ്തു.

ഈ പ്രതിജ്ഞയെ ആധാരമാക്കി, ഭാരതീയജനത തങ്ങളുടെ സർവ്വശക്തികളുമുപയോഗിച്ച് ആംഗ്ലേയരെ സഹായിച്ചു. അവർക്കു ഗുണപ്രദമായി യുദ്ധവും അവസാനിച്ചു. സ്വാതന്ത്ര്യത്തിനെതിരായി പല മുട്ടുയുക്തികളും എടുത്തിടുകയാണ് അധികാരികൾ ചെയ്തതു്. അങ്ങനെ ആംഗ്ലേയർ കാലുമാറി. വാഗ്ദത്തലംഘനംചെയ്ത വിദേശസർക്കാരിനോട്, സ്വാതന്ത്ര്യം തരാതെ തങ്ങൾ അടങ്ങുകില്ലെന്ന് ഉൽഘോഷിച്ചുകൊണ്ട് ജാലിയൻ വാലായിൽ തടിച്ചുകൂടിയ അനേകസഹസ്രങ്ങളെ പോലീസ് കണ്ണീർഗ്യാസുപയോഗിച്ച് അന്ധരാക്കി; പട്ടാളം യന്ത്രത്തോക്കുപയോഗിച്ച് പൈശാചികമായി വധിക്കയുംചെയ്തു. യാതൊരുഭാരതീയനും ഇതു ഹൃദയവേദനയോടുകൂടിയല്ലാതെ അനുസ്മരിക്കുവാൻ സാധ്യമല്ല. ജനതയുടെ രക്തത്തെ ചൂടുപിടിപ്പിക്കുന്ന ഇങ്ങനെയുള്ള അനേകമനേകം കുപ്രസിദ്ധ സംഭവങ്ങൾ സ്വാതന്ത്ര്യദിനത്തിനു പിറകിൽ നിഗൂഹനം ചെയ്യപ്പെട്ടിട്ടുണ്ട്.

"കോൺഗ്രസ്" സമരം, രാഷ്ട്രീയസമരം, അതിന്റെ പരമകാഷ്ഠയിലെത്തി. പല 'കമ്മീഷനു'കളും ഇന്ത്യയിൽവന്നു; പല വട്ടമേശസമ്മേളനങ്ങളും പരാജയമടഞ്ഞു; ലോർഡ് ഇർവിൻ തുടങ്ങി 'വേവൽപ്രഭു'വരെയുള്ള വൈസ്രോയിമാർ അല്ലാല്ലസ്വാതന്ത്ര്യങ്ങൾ അനുവദിക്കാമെന്നായി. "വേവൽ പദ്ധതി" പരാജയമടഞ്ഞു; "പാർലമെന്ററി ഡെലഗേഷൻ" തോൽവിയടഞ്ഞു; അവസാനം 'ക്യാബിനററ്മിഷ്യൻ' വന്നു; കൂടിയാലോചനകൾ ഇന്ത്യയ്ക്കു ഗുണപ്രദമായി പര്യവസാനിച്ചു. നിർഭാഗ്യവശാൽ ഭാരതം വിഭക്തമായി. മിഷ്യൻ തീരുമാനങ്ങളെയും കവച്ചുകടന്നു 'മൗണ്ട്ബാററൻ പ്രഭു' ഇന്ത്യൻ സ്വാതന്ത്ര്യം അതിശീഘ്രം സംസിദ്ധമാക്കി.

നിർഭാഗ്യവശാൽ, പ്രകൃതിയുടെ വികൃതിയാൽ, വർഗ്ഗീയകലാപം ഉത്തരേന്ത്യയിൽ അനേകായിരങ്ങളെ മൃത്യുവിന് ആഹുതിചെയ്തു. ആ പൈശാചികനൃത്തത്തെ ചെറുത്ത ഗാന്ധിദേവൻ അവസാനം അതിന്റെ മൂർദ്ധന്യത്തിലല്ലേ നഷ്ടജീവനായതു്?

അങ്ങനെ അനേകം ദാരുണസംഭവങ്ങളെ നിഗൂഹനം ചെയ്തിട്ടുള്ളതും അനേകകോടികളുടെ ശുഭപ്രതീക്ഷകൾ ഉൾക്കൊള്ളുന്നതുമായ ഭാരതസ്വാതന്ത്ര്യദിനം സമാഗതമായി. ആ മോഹനോഷസ്സ് എന്നേയ്ക്കും വിജയിപ്പൂതാക!!

# നടരൊഴിഞ്ഞ രംഗം

*— N. Neelakandan Namputhiri II U.C.*

വാടിക്കരിഞ്ഞ മലരണി മാലപോ-
ലാടിക്കഴിഞ്ഞൊരു രംഗം പോലെ,
താറുമാറായ തറവാട്ടിടം പോലെ,
മാറാല പററിയ മച്ചുപോലെ,
അണ്ടിതാൻകൈവിട്ടൊരണ്ണാനെപ്പോലെ,യ-
ത്തെണ്ടിപോൽ,മാറാപ്പുപോയശേഷം,
പാരിതിൽ കീർത്തി നശിച്ച കവിപോലെ
വായിച്ചുതള്ളിയ പത്രംപോലെ,
പൂജിച്ചിരുന്നൊരു വിഗ്രഹം കുപ്പയിൽ
പാഴ്മണ്ണടിഞ്ഞു കിടക്കുംപോലെ,
വനാന്തശ്രീചേർന്നു മിന്നിയ കാന്താരം
തീവെന്തെരിഞ്ഞടങ്ങീടും വണ്ണം,
ഭൂതി സൗന്ദര്യപ്പുളപ്പാർന്ന മാനിനി
പാതിത്യം പൂണ്ടു പരുങ്ങുംപോലെ,
മേവുന്ന നാടെങ്ങും നഷ്ടാധികാരരായ്
മേലാണ്മപെററ നരേന്ദ്രവർഗ്ഗം!—
പക്ഷപാതത്തോടു ലക്ഷ്മീകടാക്ഷിച്ചു-
സ്സൃക്ഷത്രിയപ്പുകളാണുഭൂപർ—
താരകൾപോലെ വിഷയങ്ങളിൽ വാണ
താർമകൾസോദരീവാസഭൂക്കൾ—
നഷ്ടസർവ്വാടോപർ നാനാപരീഹാസ
പാത്രങ്ങളെന്തൊരവസ്ഥാഭേദം!
ഓർത്തുനോക്കീടുകിലാശ്ചര്യമിന്നിതിൽ
തീർത്തില്ല—പ്രാകൃത നിത്യധർമ്മം

അല്ലെങ്കിലിന്നിവർക്കെന്തു കുറഞ്ഞുള്ളൂ
ചിന്തിക്കിൽ പണ്ടെക്കാൾ ധന്യധന്യർ!
മർത്ത്യസാധാരണസൗഖ്യങ്ങൾ—സ്വസ്ഥിതൊ-
ട്ടത്യന്തസ്വച്ഛന്ദ സൗകര്യങ്ങൾ
പണ്ടത്തിലെത്ര മടങ്ങുണ്ട്, കണ്ടാലും,
കണ്ടും കൊതിച്ചും കഴിഞ്ഞ കൂട്ടം!
‘കാറു’ണ്ടു,‘മിന്ന’ലില്ലെങ്കിൽ.ഭയംവേണ്ട
ചോറുണ്ടുവാഴാം ചടങ്ങു വേണ്ടാ;
കാമിച്ചവളെ ഗ്രഹിക്കാം, കരംവാങ്ങാം
കാണിക്ക വേണ്ട കന്നക്കൊരേടം;
കാൽക്ഷണം കണ്ണുതിരിഞ്ഞതടംനോക്കിടാം
കാൽനീട്ടിച്ചെറ്റു നിവർന്നിരിക്കാം;
ഗേഹം വെടിയാം,നിലത്തിറങ്ങാംപിന്നെ
നാമം ജപിക്കാം, നമസ്കരിക്കാം;
കാൽനടയായും നടക്കാം, കുരയ്ക്കുന്ന
നായോടെതിർക്കാം, കലമ്പാം, തല്ലാം;
‘മെമ്പർ’മാരാരെന്നുവെമ്പലേതുംവേണ്ട,
ശങ്കിക്ക വേണ്ടൊരു മന്ത്രിയേയും!

സ്വന്തംപ്രജകൾതൻസൗഖ്യത്തെ ദീക്ഷിച്ചോർ
സ്വന്തക്കാരിന്നാം, പ്രജാവലിക്കും
മാടഭൂപാലകരിന്നും. പ്രതാപശ്രീ
കൂടാതെ, മണ്ണിൽ പ്രശസ്തരല്ലോ!

# The Catholic Syrian Bank, Limited,

*(Incorporated in Travancore-Cochin State. Liability of members is Limited.)*

**Head Office: TRICHUR, Trichur District.**

(ESTABLISHED IN 1920)

**BRANCHES:** Cochin, Chalakudi, Chittur, Ernakulam, Erode, Irinjalakuda, Kodumudi, Karur, Kunnamkulam, Kandassankadavu, Palathode (Ernakulam North), Trichur, Trippunithura, Thoppumpadi (Cochin), Trivandrum, Valanjambalam (Ernakulam South).

**DEPOSIT RATES**

| | | | |
|---|---|---|---|
| Current. ... ... | 1½ %. | Savings. ... ... ... | 2¼ %. |
| 7 days Notice. ... | 2½ %. | 15 days Notice. ... | 3 %. |
| 6 Months Fixed. ... | 3¼ %. | 12 months Fixed. ... | 4 %. |

24 Months Fixed ... 4½ %

**OFFICE TIME**

| | |
|---|---|
| Ordinary days. ... ... ... | 10 A. M. to 2 P. M. |
| Saturdays. ... ... ... ... | 10 A. M. to 12 Noon. |

GENERAL MANAGER.

FACTORIES:

JULLUNDUR (E. P.)

SHOW ROOM.

CLOTH BAZAAR ROAD.
ERNAKULAM.

BEFORE YOU BUY YOUR ANNUAL OR SEASONAL SPORTS REQUIREMENTS ENQUIRE OR VISIT

# THE PUNJAB SPORTS SYNDICATE,

**Cloth Bazaar - ERNAKULAM.**

LARGEST MANUFACTURERS OF

INDOOR AND OUTDOOR GAMES:

Rackets Regutting Our Speciality.




GEORGE BERNARD SHAW

*—A Pencil drawing by M. K. GOPINATH, III B. Com.*



**R. I. P.**

---

*"The death of Rev. Fr. Carty S.J. has removed from the educational world an outstanding personality, whose contribution to the cause of higher education would long be remembered not only by students, but also by educationists all over India..."*

— THE VICE-CHANCELLOR,
*Madras University.*

# THE LATE REV. FR. P. CARTY, S.J.

*— Rev. Fr. Francis Sales T.O.C.D.*



Rev. Fr. Sauliere, S. J., writing in the Silver Jubilee issue of the Loyola College Magazine refers to Rev. Fr. Carty in these words: "It is to Fr. Carty who with remarkable disinterestedness deprived himself of the services of the distinguished members of his staff and encouraged them to devote all their energies to its foundation, that Loyola College owes its existence." Having been requested to write a few lines in the Sacred Heart College Magazine about the late Fr. Carty, I would go a step further than Fr. Sauliere and say that had it not been for Fr. Carty's disinterested services and generous personal sacrifices, the Sacred Heart College at Thevara would not have seen the light of day.

Fr. Carty was intimately connected with the Thevara College from its very foundation till 27th June 1950, the date of his departure from this world. When the idea of a University College at Thevara was anything but a dream of ours, I had the privilege of approaching Fr. Carty for light and guidance in the matter. I could still vividly recollect my first interview with him and our long discussions about the difficult project of the Thevara College. With his penetrating intellect, analytical mind and above all with his long and wide experience with the University of Madras, he pointed to me as if in a prophetic vision the nature of the stupendous work ahead of me, the complicated issues that would arise and the opposition I would be called upon to meet with from various quarters. He also gave me practical suggestions for the realization of a scheme which was rather impossible. The draft application for affiliation which I had taken with me was redrafted by the good Father himself. I entered Fr. Carty's room with a mind full of gloom and darkness and a heart filled with suspicions and fears of all sorts, but I got out of it after a couple of hours with my mind illumined with light and heart filled with consolation and peace. Fr. Carty had chalked out for me the plan of the proposed College at Thevara. From that memorable date of our interview till I left the Thevara College in May 1947, there was not a week in which I did not receive a letter from Fr. Carty. In many a week I had more than one letter. These letters—they are a heap and I keep them all with me as precious documents—contain valuable suggestions and wise directions about the administration of the College. They have all been written in his own neat steady and beautiful hand, a clear index of his own stately character, and very often he had with him duplicates of these letters. I often used to wonder how the good Father could find time for all this.

More than the Prior and the inmates of the Thevara Monastery, Fr. Carty was disappointed when news reached him on his sick bed that the University of Madras refused granting affiliation to the Thevare College in 1943. This was a blessing in disguise as events proved later. Fr. Carty threw all his mighty weight into the matter and fought valiantly on behalf of affiliation which was secured in June 1944.

In spite of his indifferent health and his almost continued ailments of body, Fr. Carty kindly accepted our invitation to be on the Board of administration of the College. He continued to be a Member of the Board till his death on 27th June 1950. I would certainly be taking too much time and space, were I to begin to enumerate the innumerable services the good Father has rendered to the College as a Member of the Board of administration. If the College could boast of anything by way of progress, I have no hesitation to lay down that it is all due to Fr. Carty's keen foresight, tact and administrative ability.

The happy days the good Fr. Carty S. J. spent with us in our Monastery of Thevara, when he came down for the Board meetings will never be forgotten in the annals of our Monastery. With his prayerfulness, congenial conversation, ready wit, perfect gentlemanliness and above all with his spirit of recollection in spite of the busy hours he had, he edified us all. One felt himself conversing with a man of God whenever one talked with Fr. Carty. Once, Fr. Carty had a bad fall in his room and his forehead was slightly bruised. With his bleeding forehead Fr. Carty came to my room and cracked a memorable joke. "*Look here, Fr. Prior, I have shed blood for you and the College*". It was no joke. Fr. Carty was ever prepared even to shed his blood for the Thevara College. Such was his affection and love towards the institution.

The addresses delivered by Fr. Carty in our Assembly Hall were masterpieces in thought and language. He always insisted upon correct thinking and correct living. The staff and students of the College could not do better honour to the memory of the great Fr. Carty than to copy in their lives the noble ideals and clear ideas of University Education, for which he stood. Before I conclude, I would request the staff and students of the College and all those who may read these lines to whisper a grateful prayer for the dear soul of Fr. Carty. May his soul rest in peace.

## *WHAT A BOY CAN DO?*

He can play a straight game, all through.
That's one thing he can do.
He can fight like a knight;
For the Truth and the Right,
That's another good thing he can do.
He can shun all that's mean;
He can keep himself clean,
Both without and within,
That's a very fine thing he can do.
His soul he can brace
Against everything base,
And the trace will be seen
All his life in his face.
That's an excellent thing he can do.
He can look to the Light,
He can keep his thought white.
He can fight the great fight;
He can do with his might
What is good in God's sight,
Those are truly great things he can do.

*—John Oxenham.*

# EDITORIAL

*OUR LEADERS ON EDUCATION*

